VOL NO: 08 I ISSUE 26
2024 JUNE 29 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



പൂർണമായും സ്രഷ്ടാവിന്റെ വചനമായി ഭൂമിയിൽ നിലനിൽക്കുന്ന ഒരേയൊരു ഗ്രന്ഥം ക്വുർആൻ മാത്രമാണ്. സ്വാർഥത ജൈവികവികാരമായ മനുഷ്യരുടെ ഇടപെടലുകൾ നടന്നിട്ടില്ലാത്തതിനാൽ തന്നെ അത് നിത്യ പ്രസക്തമാണ്, പ്രായോഗികമാണ്, മാനവികമാണ്.

## വിശുദ്ധ ക്വുർആൻ: പ്രായോഗികം, മാനവികം

### മുസ്‌ലിം പ്രീണനം; വസ്തുതയെന്ത്

|| വനിതകൾ അറിയാൻ

|| ഹിറയിൽ തെളിഞ്ഞ വെളിച്ചം

|| നന്മകളെ നിഷ്ഫലമാക്കുന്ന മാനസികാവസ്ഥ




GET IT ON Google Play

Download on the App Store

## പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

0388
# നേർപഥം
വാരിക

2024 ജൂൺ 29
1445 ദുൽഹിജ്ജ 22
പുസ്തകം 08 / ലക്കം 26




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

**05** മുഖമൊഴി
നന്മകളെ നിഷ്ഫലമാക്കുന്ന മാനസികാവസ്ഥ

**06** പുനർവായന
മുസ്‌ലിം പ്രീണനം; വസ്തുതയെന്ത്
പ്രൊഫ. പി.നസീർ

**09** ഹദീസ് പാഠം
ജീവിതം കൊണ്ട് മാതൃകയാവുക
അബൂഫായിദ

**18** ചരിത്രപഥം
എതിർപ്പുകളെ അതിജയിച്ച വാർഷിക സമ്മേളനങ്ങൾ
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ: യാസീൻ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** കർമപഥം
വനിതകൾ അറിയാൻ
വിവ. അബ്ദുൽ ജബ്ബാർ മദീനി

**30** പാചകപഥം
പാലക്ക്- തുവരപ്പരിപ്പ് കറി
സലീന ബിൻത് മുഹമ്മദലി

കവർ സ്റ്റോറി




ഉസ്മാൻ പാലക്കാഴി

പൂർണമായും സ്രഷ്ടാവിന്റെ വചനമായി ഭൂമിയിൽ നിലനിൽക്കുന്ന ഒരേയൊരു ഗ്രന്ഥം ക്വുർആൻ മാത്രമാണ്. സ്വാർഥത ജൈവികവികാരമായ മനുഷ്യരുടെ ഇടപെടലുകൾ നടന്നിട്ടില്ലാത്തതിനാൽ തന്നെ അത് നിത്യ പ്രസക്തമാണ്, പ്രായോഗികമാണ്, മാനവികമാണ്.

**31** ഗാനം
സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട
റാഷിദ റിഷാദ്

**32** ലേഖനം
ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**34** കവിത
ഹിറയിൽ തെളിഞ്ഞ വെളിച്ചം
ഹുസ്ന മുഹമ്മദലി എൻ. എം.

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# രാജ്യത്തെ പ്രവേശന പരീക്ഷകളുടെ വിശ്വാസ്യത തകർത്തത് സംബന്ധിച്ച് സംയുക്ത പാർലമെന്ററി സമിതി അന്വേഷിക്കണം: വിസ്ഡം

കോഴിക്കോട്: പൊതുസമൂഹം വിശ്വാസ്യതയോടെ കണ്ടിരുന്ന പ്രവേശന പരീക്ഷകളുടെ വിശ്വാസ്യത തകർത്ത സംഭവത്തെ സംബന്ധിച്ച് സംയുക്ത പാർലമെന്ററി സമിതി അന്വേഷിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർഥികൾ തങ്ങളുടെ സമയവും പണവും ചെലവഴിച്ച് തയ്യാറെടുക്കുന്ന പരീക്ഷ സംവിധാനങ്ങളിലേക്ക് അഴിമതി കൊണ്ടുവന്നവർക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കണമെന്നും ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് പ്രധാനമന്ത്രി പ്രതികരിക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.

കേന്ദ്രീകൃത പരീക്ഷാ സംവിധാനം എൻടിഎയിൽനിന്നും എടുത്തുമാറ്റി മുൻകാലങ്ങളിൽ നടത്തിയപോലെ വിവിധ അക്കാദമിക ബോഡികൾക്കു കീഴിൽ നടത്താനുള്ള സൗകര്യമൊരുക്കാൻ സർക്കാർ തയ്യാറാകണം.

പ്ലസ്ടു സീറ്റ് പ്രശ്നങ്ങൾ പരിഹരിക്കാതെ സർക്കാർ ഒളിച്ചോടുന്നത് ആശങ്കാജനകമാണ്. കുട്ടികൾ മികച്ച മാർക്കു വാങ്ങി എസ്.എസ്.എൽ.സി പാസ്സായിട്ടും തുടർപഠനത്തിന് സൗകര്യമൊരുക്കാതിരിക്കുന്നത് കടുത്ത അനീതിയാണ്.

എല്ലാ കുട്ടികകളുടെയും പ്ലസ്ടുവരെയുള്ള പഠനം രാജ്യത്തിന്റെ ബാധ്യതയായിട്ടും ഉത്തരവാദപ്പെട്ടവർ മൗനം പാലിക്കുന്നത് കടുത്ത അനീതിയാണ്. പുതിയ ബാച്ചുകൾ അനുവദിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും ജനറൽ കൗൺസിൽ നിർദേശിച്ചു.

ലജ്നതുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ ചെയർമാൻ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു.

ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി, ലജ്നതുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ കൺവീനർ ശമീർ മദീനി, വിസ്ഡം സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി, പ്രൊഫ. ഹാരിസ് ഇബ്നു സലീം, ട്രഷറർ കെ. സജ്ജാദ്, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, ജനറൽ സെക്രട്ടറി നിഷാദ് സലഫി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർഷദ് താനൂർ, ജനറൽ സെക്രട്ടറി മുഹമ്മദ് ശമീൽ, സി.പി അബ്ദുൽ അസീസ്, ഹുസൈൻ കാവനൂർ, ഡോ. മുഹമ്മദ് ശഹീർ എന്നിവർ സംസാരിച്ചു. ■

# നന്മകളെ നിഷ്ഫലമാക്കുന്ന മാനസികാവസ്ഥ

അല്ലാഹു തന്റെ അടിമകൾക്ക് ചെയ്തുകൊടുത്ത അനുഗ്രഹങ്ങളിൽ ചില ആളുകളുടെ മനസ്സുകളിലുണ്ടാകുന്ന ഒരു തരം നീറ്റലാണ് 'അസൂയ' എന്ന് പറയുന്ന രോഗം. മനുഷ്യകുലത്തിന്റെ തുടക്കം മുതലേ ഈ രോഗമുണ്ട്. ആദം നബി(അ)ക്ക് സുജൂദ് ചെയ്യാതിരിക്കാൻ ഇബ്ലീസിനെ പ്രേരിപ്പിച്ചത് അഹങ്കാരവും അസൂയയുമായിരുന്നു: "അവൻ പറഞ്ഞു: എന്നെക്കാൾ നീ ആദരിച്ചിട്ടുള്ള ഇവനാരെന്ന് നീ എനിക്ക് പറഞ്ഞുതരൂ. തീർച്ചയായും ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ നീ എനിക്ക് അവധി നീട്ടിത്തരുന്ന പക്ഷം, ഇവന്റെ സന്തതികളിൽ ചുരുക്കം പേരൊഴിച്ച് എല്ലാവരെയും ഞാൻ കീഴ്പെടുത്തുക തന്നെ ചെയ്യും" (ക്വുർആൻ 17:62).

ലോകത്ത് നടന്ന ഒന്നാമത്തെ കൊലപാതകത്തിന്റെ കാരണവും അസൂയയായിരുന്നു: "(നബിയേ,) നീ അവർക്ക് ആദമിന്റെ രണ്ടു പുത്രൻമാരുടെ വൃത്താന്തം സത്യപ്രകാരം പറഞ്ഞുകേൾപിക്കുക. അവർ ഇരുവരും ഓരോ ബലിയർപ്പിച്ച സന്ദർഭം, ഒരാളിൽനിന്ന് ബലി സ്വീകരിക്കപ്പെട്ടു. മറ്റവനിൽനിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: 'ഞാൻ നിന്നെ കൊലപ്പെടുത്തുകതന്നെ ചെയ്യും.' അവൻ (ബലി സ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: 'ധർമനിഷ്ഠയുള്ളവരിൽനിന്നു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ'' (ക്വുർആൻ 5:27).

അസൂയയുടെ ദോഷത്തിൽ നിന്നും രക്ഷതേടാൻ അല്ലാഹു നമ്മോട് കൽപിച്ചു എന്നത് അസൂയയുടെ ഗൗരവത്തെ സൂചിപ്പിക്കുന്നു: "അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽനിന്നും'' (113:5).

"അതല്ല, അല്ലാഹു അവന്റെ ഔദാര്യത്തിൽനിന്ന് മറ്റു മനുഷ്യർക്ക് നൽകിയിട്ടുള്ളതിന്റെ പേരിൽ അവർ അസൂയപ്പെടുകയാണോ?'' (4:54).

നബി(സ്വ)യെ ജൂത-ക്രൈസ്തവർ നിഷേധിക്കാനുള്ള കാരണം മായി 'ഞങ്ങളിൽ നിന്നുള്ള ഒരാൾക്ക് പ്രവാചകത്വം ലഭിച്ചില്ലല്ലോ' എന്ന അസൂയതന്നെയായിരുന്നു: "നിങ്ങൾ സത്യവിശ്വാസം സ്വീകരിച്ച ശേഷം നിങ്ങളെ അവിശ്വാസികളാക്കി മാറ്റിയെടുക്കുവാനാണ് വേദക്കാരിൽ മിക്കവരും ആഗ്രഹിക്കുന്നത്. സത്യം വ്യക്തമായി ബോധ്യപ്പെട്ടിട്ടും സ്വാർഥപരമായ അസൂയ നിമിത്തമാണ് (അവരാ നിലപാട് സ്വീകരിക്കുന്നത്)...'' (2:109).

'അല്ലാഹുവിന്റെ അടിമകളേ, നിങ്ങൾ സഹോദരങ്ങളാകണം. നിങ്ങൾ അസൂയ കാണിക്കരുത്' എന്ന് പ്രത്യേകം നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട് (മുസ്‌ലിം).

സ്വർഗക്കാരനായ ഒരാൾ ഇപ്പോൾ നിങ്ങളിലേക്ക് വരുമെന്ന് നബി(സ്വ) ഒരിക്കൽ അനുചരന്മാരോട് പറഞ്ഞു. അങ്ങനെ ഇടതുകൈയിൽ ചെരുപ്പുകൾ തൂക്കിപ്പിടിച്ചുകൊണ്ട് താടിയിൽ നിന്ന് വുദൂഇന്റെ വെള്ളം ഇറ്റിവീഴുന്ന നിലയ്ക്ക് ഒരു സ്വഹാബി അവിടെ കയറിവന്നു. മൂന്നുദിവസം ഇത് ആവർത്തിച്ചു. അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്(റ) ഈ സ്വഹാബിയുടെ കൂടെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് പോയി. നബി(സ്വ) ഇദ്ദേഹത്തെക്കുറിച്ച് സ്വർഗക്കാരൻ എന്നു പറയാൻ മാത്രം എന്തു സൽകർമമാണ് ചെയ്യുന്നതെന്നറിയാനാണ് അദ്ദേഹം കൂടെ പോയത്. പക്ഷേ, തങ്ങൾ ചെയ്യുന്നതിനിന്നും വ്യത്യസ്തമായി കർമങ്ങളൊന്നും അദ്ദേഹം ചെയ്യുന്നില്ല എന്ന് കണ്ടപ്പോൾ അബ്ദുല്ല(റ) അദ്ദേഹത്തോട് ചോദിച്ചു: 'എന്തുകൊണ്ടാണ് നബി (സ്വ) അങ്ങയെക്കുറിച്ച് സ്വർഗക്കാരനെന്നു പറഞ്ഞത്?' അദ്ദേഹം പറഞ്ഞു: 'എന്റെ മനസ്സിൽ ഒരു മുസ്‌ലിമിനോടും പകയില്ല. അല്ലാഹു നന്മനൽകിയതിൽ എനിക്കാരോടും അസൂയയില്ല...' (അഹ്മദ്).

പ്രൊഫ. പി.നസീർ

ഭരണമുന്നണിയിൽ മുസ്‌ലിം ലീഗ് മുഖ്യ ഘടകകക്ഷിയായിരിക്കുമ്പോഴാണ് പൊതുവെ 'മുസ്‌ലിം പ്രീണന' ആരോപണം വ്യാപകമാവാറ്. എസ്.എൻ.ഡി.പി, എൻ.എസ്.എസ് കക്ഷികൾക്ക് എന്തെങ്കിലും അവിഹിതമായി നേടാനുള്ളതിന് മുന്നോടിയായിട്ടാണ് ഇത് സജീവമാകാറുള്ളത് എന്നതാണ് അനുഭവം. അടിസ്ഥാനരഹിത ആരോപണങ്ങൾ ഉന്നയിച്ച് ഭൂരിപക്ഷസമുദായം അസംതൃപ്തരാണെന്ന പ്രതീതി സൃഷ്ടിച്ച് സർക്കാറിനെ ഇമോഷനൽ ബ്ലാക്ക്മെയിൽ ചെയ്യുന്ന രീതിയാണിത്. മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പെരുന്നയിലും കണിച്ചുകുളങ്ങരയിലും പറന്നെത്തി അടുത്ത കാബിനറ്റിൽ ഇക്കൂട്ടരുടെ ഉദ്ദിഷ്ട കാര്യം പാസാക്കി കൊടുക്കുന്നതുവരെ ഇതു തുടരും. ഇതുവഴി അവിശ്വസനീയമായ അവിഹിത നേട്ടങ്ങൾതന്നെ ഇവരൊക്കെ കൈയടക്കി.



# മുസ്‌ലിം പ്രീണനം; വസ്തുതയെന്ത്?

(മുസ്‌ലിംകൾ അനർഹമായി സർക്കാറിൽനിന്ന് പലതും നേടിയെടുക്കുന്നു, സർക്കാർ മുസ്‌ലിം പ്രീണനം നടത്തിക്കൊണ്ടിരിക്കുന്നു എന്നു തുടങ്ങിയ, ചില തൽപര കക്ഷികളുടെ ആരോപണങ്ങൾക്കുള്ള വസ്തുനിഷ്ഠമായ മറുപടി).

യു.ഡി.എഫ് ഭരണകാലത്ത് കേൾക്കാറുണ്ടായിരുന്ന സ്ഥിരം പല്ലവിയായിരുന്നു മുസ്‌ലിംകൾ അവിഹിതമായി എന്തൊക്കെയോ നേടിയെടുക്കുന്നു എന്നത്. അതിന്റെ ഉച്ചിയിലാണ് രണ്ടാം ഉമ്മൻ ചാണ്ടി സർക്കാറിന്റെ കാലത്തെ യുക്തിരഹിതമായ അഞ്ചാം മന്ത്രി വിവാദമുയർന്നത്. വെറും 72 എം.എൽ.എമാർ മാത്രമുള്ള ഭരണമുന്നണിയിൽ 21 എം.എൽ.എമാരുണ്ടായിരുന്ന മുസ്‌ലിം ലീഗിന്, 20 അംഗ മന്ത്രിസഭയിൽ അഞ്ചാമതൊരു അംഗത്തെക്കൂടി നൽകുന്നത് കൊടിയ വർഗീയ പാതകമായി അന്നു ചിത്രീകരിക്കപ്പെട്ടു. സംസ്ഥാന ജനസംഖ്യയിൽ നാലിലൊന്നിൽ കൂടുതൽ ഔദ്യോഗികമായും മൂന്നിലൊന്നോളം അനൗദ്യോ ഗികമായും വരുന്ന ഒരു സമുദായത്തിന്റെ രാഷ്ട്രീയ പ്രാതിനിധ്യത്തിന്റെ തിരസ്കാരം കൂടിയായിരുന്നു അത്. അതേസമയം, പിണറായി സർക്കാറിൽ ഒരേസമുദായക്കാരായ പത്തോളം മന്ത്രിമാരുണ്ടായത് മലയാളി ജീവി

തത്തിൽ ഒരുവിധ 'സാമുദായിക അസന്തുലിതത്വവും' സൃഷ്ടിച്ചതുമില്ല!

ഭരണമുന്നണിയിൽ മുസ്‌ലിം ലീഗ് മുഖ്യ ഘടകകക്ഷിയായിരിക്കുമ്പോഴാണ് പൊതുവെ 'മുസ്‌ലിം പ്രീണന' ആരോപണം വ്യാപകമാവാറ്. എസ്.എൻ.ഡി.പി, എൻ.എസ്.എസ് കക്ഷികൾക്ക് എന്തെങ്കിലും അവിഹിതമായി നേടാനുള്ളതിന് മുന്നോടിയായിട്ടാണ് ഇത് സജീവമാകാറുള്ളത് എന്നതാണ് അനുഭവം. അടിസ്ഥാനരഹിത ആരോപണങ്ങൾ ഉന്നയിച്ച് ഭൂരിപക്ഷസമുദായം അസംതൃപ്തരാണെന്ന പ്രതീതി സൃഷ്ടിച്ച് സർക്കാറിനെ ഇമോഷനൽ ബ്ലാക്ക്മെയിൽ ചെയ്യുന്ന രീതിയാണിത്. മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പെരുന്നയിലും കണിച്ചുകുളങ്ങരയിലും പറന്നെത്തി അടുത്ത കാബിനറ്റിൽ ഇക്കൂട്ടരുടെ ഉദ്ദിഷ്ടകാര്യം പാസാക്കി കൊടുക്കുന്നതുവരെ ഇതു തുടരും. ഇതുവഴി അവിശ്വസനീയമായ അവിഹിത നേട്ടങ്ങൾതന്നെ ഇവരൊക്കെ കൈയടക്കി.

സംസ്ഥാന ബജറ്റിൽവരെ ഫണ്ട് വകയിരുത്തിക്കൊടുത്ത വിചിത്ര സംഭവത്തിന് ഇക്കഴിഞ്ഞവർഷം കേരളം സാക്ഷിയായി. നഗരഹൃദയത്തിൽ സെന്റിന് കോടിയിലേറെ വിലയുള്ള ഭൂമി സർക്കാറിൽനിന്നു സൗജന്യമായി പതിച്ചുവാങ്ങുക, ഉന്നത വിദ്യാഭ്യാസ രംഗത്തും പൊതുവിദ്യാഭ്യാസരംഗത്തും ഡസൻ കണക്കിന് സ്ഥാപനങ്ങളുടെയും നൂറുകണക്കിന് തസ്തികകളുടെയും മുടങ്ങിക്കിടക്കുന്ന നിയമനാംഗീകാരം അവിഹിതമായി നേടിയെടുക്കുക, പെരുന്നയിലെയും കണിച്ചുകുളങ്ങരയിലെയും നേതാക്കന്മാരുടെ കൽപന പ്രകാരം സർക്കാറിന്റെ താക്കോൽ സ്ഥാനങ്ങളിൽ നിയമനം നൽകുക തുടങ്ങിയ ഒരു ബഹുതല ഗുണഭോക്തൃ അഭ്യാസമാണ് കുറച്ചുകാലമായി നടന്നുവരുന്നത്.

ആനുകൂല്യങ്ങൾ കാക്ക കൊത്തിക്കൊണ്ടുപോകുന്നതു കണ്ട് ഇളിഭ്യരായി ഇരിക്കാനാണ് കാക്കാമാരുടെ നിയോഗം. അവർക്ക് ആകെയുള്ളത് വഖഫ് ബോർഡും ഹജ്ജ് കമ്മിറ്റിയും.

### കണക്കുകൾ സംസാരിക്കട്ടെ

യു.ഡി.എഫ് കാലവും വിട്ട് ഇപ്പോൾ ഇടതുഭരണത്തിലും മുസ്‌ലിംകൾ അവിഹിത നേട്ടങ്ങളുണ്ടാക്കുന്നു എന്നാണ്

**Caste and Community-wise Representation in Government Jobs in Kerala as on March 31, 2024**

| Kerala Population | 3,50,90,000 | | | |
|---|---|---|---|---|
| Community | Population | Percentage of Population (A) | Percentage of Representation in Government Jobs (B) | Proportionately More/Less (B-A)/B x100 |
| Muslims | 98,77,835 | 28.15 | 12.6 | -123.4 |
| Christians | 61,54,786 | 17.54 | 22.4 | +21.7 |
| Nairs, Menons etc. | 49,68,744 | 14.16 | 22.3 | +36.5 |
| Ezhavas | 41,82,728 | 11.92 | 17.5 | +31.9 |
| Thiyyas | 27,01,930 | 7.7 | 5.6 | -37.5 |
| Billavas | 4,56,170 | 1.3 | 0.3 | -333.3 |
| Scheduled Castes | 27,72,110 | 7.9 | 7.8 | -1.3 |
| Scheduled Tribes | 5,33,368 | 1.52 | 0.9 | -68.9 |
| Brahmins, Ambalavasi etc. | 4,21,080 | 1.2 | 4.1 | +70.7 |
| Other Backward Hindus (OBH) | 29,82,650 | 8.5 | 6.1 | -39.3 |
| Others | 38,599 | 0.11 | 0.4 | +72.5 |
| Total | 3,50,90,000 | 100 | 100 | 0.0 |

Data projected as on March 31, 2024

***Source:*** *Projected Data from Census India, Economic Review, Information gathered through RTI from various government sources.*
***Mathematical Model used:*** *Leslie Matrix in Nathan Keyfitz Demographic Base Data: Census 2011.*

Prepared by **CARDS - Centre for Advanced Research on Developing Societies, Kerala, India**

ദുരാരോപണം. 2015 നവംബറിൽ കോഴിക്കോട് അഴുക്കുചാലിൽ വീണ ഇതര സംസ്ഥാന തൊഴിലാളികളായ നരസിംഹന്റെയും ഭാസ്കർ റാവുവിന്റെയും ജീവൻ രക്ഷിക്കാൻ എടുത്തുചാടി ജീവഹാനി സംഭവിച്ച ഓട്ടോറിക്ഷ തൊഴിലാളി നൗഷാദിന് നൽകിയ മരണാനന്തര ധനസഹായത്തിൽ പോലും ജാതി കണ്ടെത്തിയ വെള്ളാപ്പള്ളി നടേശനാണ് ഇപ്പോഴും വിദ്വേഷ പ്രചാരണവുമായി മുന്നിലുള്ളത്.

പ്രീണിപ്പിച്ച് പ്രീണിപ്പിച്ച് മുസ്‌ലിം സമുദായത്തെ ഇരുമുന്നണികളും എവിടെ കൊണ്ടെത്തിച്ചു എന്ന കണക്കു പരിശോധിക്കാം: ഐക്യകേരളം പിറവിയെടുത്ത് ആറര പതിറ്റാണ്ടിനുള്ളിൽ ഇവിടെ 48 ചീഫ് സെക്രട്ടറിമാർ ഉണ്ടായി. അതിൽ ഒരാൾപോലും കേരളത്തിലെ മുസ്‌ലിം സമുദായത്തിൽനിന്ന് നിയമിക്കപ്പെട്ടിട്ടില്ല.

രണ്ട് കേന്ദ്ര സർവകലാശാലകൾക്ക് പുറമെ സംസ്ഥാനത്ത് 14 സർവകലാശാലകളാണ് യു.ജി.സി യുടെയും സംസ്ഥാന സർക്കാറിന്റെയും നിയമന നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ മിക്കവാറും എല്ലാ പ്രധാന സമുദായങ്ങൾക്കും ഈ സർവകലാശാലകളുടെ വൈസ് ചാൻസലർമാരായി വേണ്ടതിലധികം പ്രാതിനിധ്യം ലഭിച്ചപ്പോൾ മുസ്‌ലിം സമുദായത്തിൽനിന്ന് ഒരാൾ പോലും ഇപ്പോൾ ഈ പദവിയിൽ ഇല്ല. കുറച്ചുമുമ്പ് പുതുതായി രൂപവ

ത്കരിക്കപ്പെട്ട സർവകലാശാലയിൽ ഒരു മുസ്‌ലിം അക്കാദമീഷ്യനെ നിയമിച്ചപ്പോൾ സാക്ഷാൽ വെള്ളാപ്പള്ളി തന്നെ നിലവിളിച്ചു, 'സർവകലാശാലകളിലും ജിഹാദികൾ എത്തുന്നു' എന്ന്.

സംസ്ഥാനത്ത് രണ്ട് ഡസനിൽ അധികം സ്റ്റാറ്റിയൂട്ടറി കമീഷനുകൾ ഇപ്പോൾ നിലവിലുണ്ട്. 150ലേറെ പേരാണ് ഇത്തരം കമീഷനുകളിൽ ചെയർമാനും അംഗങ്ങളുമായി പ്രവർത്തിച്ചുവരുന്നത്. ഇതിൽ വെറും നാലുപേരാണ് മുസ്‌ലിം സമുദായത്തിൽനിന്ന് നിയമിക്കപ്പെട്ടത്. മിക്കവാറും കമീഷനുകളിൽ ഇവർക്ക് യഥാക്രമം ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി പദവികളും അതിനനുസരിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചുവരുന്നു. മറ്റു പല സംസ്ഥാനങ്ങളിലും സമാനസ്വഭാവത്തിലുള്ള ചില കമീഷനുകളിലെ ചെയർമാനും അംഗങ്ങൾക്കും വെറും സിറ്റിങ് അലവൻസ് മാത്രമാണ് നൽകാറുള്ളത്. എന്നാൽ, സാമ്പത്തികമായി കുത്തുപാളയെടുത്ത കേരളം ചെലവ് നിയന്ത്രണത്തിന്റെ ഭാഗമായിപ്പോലും ഈ പണംതീനി കമീഷനുകൾക്ക് സാമ്പത്തിക അച്ചടക്കം കൊണ്ടുവന്നിട്ടില്ല. പലപ്പോഴും സർവിസിൽനിന്ന് വിരമിച്ച ഉന്നത ഉദ്യോഗസ്ഥർക്കു പുനർനിയമനവും തോറ്റ എം.എൽ.എമാരെയും ഭരണകക്ഷിയോട് ആഭിമുഖ്യമുള്ള രാഷ്ട്രീയക്കാരെയും മറ്റും കുടിയിരുത്താനുള്ള ഇടമായിക്കൂടി ഇടതു-വലത് കക്ഷികൾ ഇതിനെ മാറ്റിയിട്ടുണ്ട്.

ഇനി, സംസ്ഥാന മന്ത്രിസഭയിലേക്ക് വരാം. ഇരുപത് അംഗ മന്ത്രിസഭയിൽ ജനസംഖ്യാനുപാതികമായി കുറഞ്ഞത് ആറു പേരെങ്കിലും വരേണ്ടതാണ്. രണ്ടുപേരാണ് മുസ്‌ലിം സമുദായത്തെ പ്രതിനിധാനംചെയ്ത് ഇപ്പോൾ കാബിനറ്റിലുള്ളത്. ഈ മന്ത്രിമാർക്ക് എല്ലാവർക്കും കൂടി 489 പേഴ്സനൽ സ്റ്റാഫ് ഉണ്ടെന്നാണ് ഔദ്യോഗിക കണക്ക്. ഇതിൽ മുസ്‌ലിംകളെ 'സദാ പ്രീണിപ്പിക്കുന്ന' പിണറായി വിജയന്റെ ഓഫിസിൽ കയറി നോക്കുക, പ്രൈവറ്റ് സെക്രട്ടറി മുതൽ അഡീഷനൽ സെക്രട്ടറി വരെയുള്ള ഉന്നത തസ്തികകളിൽ മാത്രം 14 പേരുണ്ട്. അതിൽ ഏറ്റവും കുറഞ്ഞ റാങ്കായ അഡീഷനൽ സെക്രട്ടറിയുടെ അടിസ്ഥാന ശമ്പളം 1,23,700 രൂപയാണ്, മറ്റ് ആനുകൂല്യങ്ങൾ

ഇടത്, ഐക്യമുന്നണികൾ മുസ്‌ലിംകളെ കേവലം വോട്ടർമാരായി മാത്രം ഉപയോഗിച്ചുവരുന്ന പൊതുരീതികൂടി ഇവിടെയുണ്ട്. നിയമനിർമാണ സഭകളിലും ഭരണനിർവഹണ രംഗത്തും നീതിന്യായ കോടതികളിലുമൊക്കെയുള്ള മുസ്‌ലിം പ്രാതിനിധ്യക്കുറവിന്റെ വിവരണത്തിന് ഒരു നെടുനീളൻ പട്ടികതന്നെ വേണ്ടിവരും. എന്നിട്ടും മുസ്‌ലിം പ്രീണനത്തെക്കുറിച്ചുള്ള അപക്വമായ പ്രസ്താവനകൾക്കുനേരെ സർക്കാർ മൗനം ഭജിക്കുന്നത് അത്യാപത്കരമായ രാഷ്ട്രീയ നയമാണ്.

പുറമേ. ഇതിൽ ഒരാൾ പോലും മുസ്‌ലിം സമുദായത്തിൽ നിന്ന് ഇല്ല. സമാന തസ്തികകളിൽ മാത്രം മറ്റ് 20 മന്ത്രിമാരുടെ ഓഫിസുകളിൽ ശരാശരി നൂറിലധികം പേരുണ്ട്. കുറ്റം പറയരുതല്ലോ, മുസ്‌ലിം സമുദായത്തിൽനിന്ന് ഈ ഓഫിസുകളിൽ രണ്ടുപേരുണ്ട്.

130ലധികം വരുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ മുസ്‌ലിം സമുദായത്തിൽ നിന്നുള്ള ചെയർമാന്മാരുടെയും എം.ഡിമാരുടെയും എണ്ണവും ഒറ്റ അക്കത്തിലൊതുങ്ങുന്നു. സി.പി.എം. നേതൃത്വം കൊടുക്കുന്ന ഇടതുമുന്നണിയിലെ 99 എം.എൽ.എമാരിൽ 15 പേരാണ് മുസ്‌ലിം സമുദായത്തിൽ നിന്നുള്ളത്. കോൺഗ്രസ് ആകട്ടെ എപ്പോഴും മുസ്‌ലിം പ്രാതിനിധ്യം മുസ്‌ലിം ലീഗിന്റെ അക്കൗണ്ടിൽ മാത്രം ടാലി ചെയ്യാനാണ് ശ്രമിച്ചുവരുന്നത്.

പ്രാതിനിധ്യജനാധിപത്യത്തിൽനിന്ന് ഈ സമുദായത്തെ മാറ്റിനിർത്താനുള്ള ബോധപൂർവമായ ശ്രമം തന്നെയാണിത്. ഇടത്, ഐക്യമുന്നണികൾ മുസ്‌ലിംകളെ കേവലം വോട്ടർമാരായി മാത്രം ഉപയോഗിച്ചുവരുന്ന പൊതുരീതികൂടി ഇവിടെയുണ്ട്. നിയമനിർമാണ സഭകളിലും ഭരണനിർവഹണ രംഗത്തും നീതിന്യായ കോടതികളിലുമൊക്കെയുള്ള മുസ്‌ലിം പ്രാതിനിധ്യക്കുറവിന്റെ വിവരണത്തിന് ഒരു നെടുനീളൻ പട്ടികതന്നെ വേണ്ടിവരും. എന്നിട്ടും മുസ്‌ലിം പ്രീണനത്തെക്കുറിച്ചുള്ള അപക്വമായ പ്രസ്താവനകൾക്കുനേരെ സർക്കാർ മൗനം ഭജിക്കുന്നത് അത്യാപത്കരമായ രാഷ്ട്രീയ നയമാണ്.

*(മുസ്‌ലിം എംപ്ലോയീസ് കൾചറൽ അസോസിയേഷൻ (മെക്ക) സംസ്ഥാന പ്രസിഡന്റും സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുൻ ഡയറക്ടറുമാണ് ലേഖകൻ)*

അബൂഫായിദ

# ജീവിതം കൊണ്ട് മാതൃകയാവുക

وعن أَنسٍ ﷺ قَالَ: «كُنتُ أَمْشِي مَعَ رسول اللهِ ﷺ وَعَلَيْهِ بُرْدٌ نَجْرَانِيٌّ غليظُ الحاشِيةِ، فأَدْرَكَهُ أَعْرَابِيٌّ، فَجَبَذَهُ بِرِدَائِهِ جَبْذَةً شَدِيدَةً، فَنظرتُ إِلَى صَفْحَةِ عاتِقِ النَّبِيِّ ﷺ وقَد أَثَّرَتْ بِها حَاشِيةُ الرِّداءِ مِنْ شِدَّةِ جَبْذَتِهِ، ثُمَّ قَالَ: يَا مُحَمَّدُ، مُرْ لِي مِن مالِ اللهِ الَّذِي عِندَكَ، فالتَفَتَ إِلَيْه، فضَحِكَ، ثُمَّ أَمر لَهُ بعَطَاءٍ» (متفقٌ عليه)

അനസ്(റ)വിൽ നിന്ന് നിവേദനം: “ഒരിക്കൽ നബി(സ്വ)യോടൊത്ത് ഞാൻ നടന്നുപോകുകയായിരുന്നു. കട്ടിയുള്ള കരയോടുകൂടിയ നജ്റാൻ വസ്ത്രമാണ് തിരുമേനി ധരിച്ചിരുന്നത്. അങ്ങനെ ഒരു ഗ്രാമീണ അറബി നബി(സ്വ)യുമായി സന്ധിക്കുകയും അദ്ദേഹത്തിന്റെ മുണ്ടിൽ പിടിച്ച് ശക്തിയായി വലിക്കുകയും ചെയ്തു. അപ്പോൾ ഞാൻ നബി(സ്വ)യുടെ പിരടിയിലേക്കു നോക്കി. പിടിച്ചുവലിച്ചതിന്റെ ശക്തി കാരണം മുണ്ടിന്റെ കരയുടെ പാടുകൾ അവിടെ പതിഞ്ഞിരിന്നു. ‘മുഹമ്മദേ! താങ്കളുടെ പക്കലുള്ള അല്ലാഹുവിന്റെ ധനത്തിൽനിന്ന് എനിക്ക് എന്തെങ്കിലും അനുവദിച്ചുതരാൻ ഉത്തരവിടുക’- ആ ഗ്രാമീണൻ പറഞ്ഞു. നബി(സ്വ) അയാളെ തിരിഞ്ഞുനോക്കുകയും പുഞ്ചിരിക്കുകയും അയാൾക്ക് ദാനം നൽകാൻ കൽപിക്കുകയും ചെയ്തു” (ബുഖാരി, മുസ്‌ലിം)

സൽസ്വഭാവത്തിന്റെ പ്രതീകമായിരുന്നു മുഹമ്മദ് നബി(സ്വ). സഹിഷ്ണുതയും വിട്ടുവീഴ്ചയും അദ്ദേഹത്തിന്റെ കൂടെപ്പിറപ്പായിരുന്നു. “നല്ലതും ചീത്തയും സമമാവുകയില്ല. അതിനാൽ നന്മയാൽ നീ തിന്മയെ തടയുക. അങ്ങനെ ചെയ്താൽ നീയുമായി ശത്രുതയുള്ളവൻ നിന്റെ ആത്മമിത്രം പോലെ ആയിത്തീരും” എന്ന വിശുദ്ധ ക്വുർആനിന്റെ അധ്യാപനം പ്രായോഗികമാണെന്ന് സ്വജീവിതത്തിലൂടെ അവിടുന്ന് ലോകർക്ക് കാണിച്ചുകൊടുത്തു.

ധർമം ചോദിച്ചുവന്ന, സംസ്‌കാരമെന്തെന്നറിയാത്ത ഒരു ഗ്രാമീണ അറബി തന്റെ ചുമലിൽ കിടക്കുന്ന മുണ്ടിൽ ശക്തമായി പിടിച്ചുവലിച്ച് വേദനിപ്പിച്ചിട്ടും പുഞ്ചിരിയോടെ അയാളെ നോക്കുകയും അയാളുടെ ആവശ്യം നിറവേറ്റിക്കൊടുക്കാൻ കൽപിക്കുകയും ചെയ്തു നബി(സ്വ)! ഒരു ഗ്രാമീണന് ഇത്രയും ധിക്കാരമോ, അല്ലാഹുവിന്റെ ദൂതനും വിശ്വാസികളുടെ നേതാവുമായ എന്നെ അപമാനിച്ച ഈ മനുഷ്യനെ വെറുതെ വിട്ടുകൂടാ എന്നൊന്നും ആ മഹാനുഭാവൻ ചിന്തിച്ചില്ല.

വിശുദ്ധ ക്വുർആനിന്റെ കൽപനകൾ കൃത്യമായും ജീവിതത്തിൽ പകർത്തുകയായിരുന്നു അദ്ദേഹം. അല്ലാഹു പറയുന്നു: “വിട്ടുവീഴ്ചയുടെ മാർഗം സ്വീകരിക്കുക. നല്ലത് കൽപിക്കുക. അവിവേകികളെ അവഗണിക്കുകയും ചെയ്യുക” (7:199).

“...അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ! അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ?”(24:22).

പ്രവാചകൻ തനിക്കുവേണ്ടി ഒരിക്കലും ഒരു കാര്യത്തിലും പ്രതികാര നടപടി സ്വീകരിച്ചിട്ടില്ല! സ്ത്രീകളെയോ ഭൃത്യരെയോ ഒരിക്കലും പ്രഹരിച്ചിട്ടില്ല!!

ഒരിക്കൽ ഒരു ഗ്രാമീണൻ പള്ളിയിൽ മൂത്രമൊഴിച്ചു. അപ്പോൾ ആളുകൾ അദ്ദേഹത്തെ തടസ്സപ്പെടുത്താൻ ശ്രമിച്ചു. ഉടനെ നബി(സ്വ) പറഞ്ഞു: ‘നിങ്ങൾ അയാളെ വിട്ടേക്കുക. അയാളുടെ മൂത്രത്തിൽ ഒരു തൊട്ടി വെള്ളമൊഴിക്കുക. നിശ്ചയം, എല്ലാം അനായാസകരമാക്കാനാണ് നിങ്ങൾ നിയോഗിതരായത്. പ്രയാസപൂർണമാക്കുന്നതിനല്ല”(ബുഖാരി).

വലിയ വലിയ ആശയങ്ങളും തത്ത്വങ്ങളും ആദർശങ്ങളുമൊക്കെ പ്രസംഗിക്കുവാൻ എളുപ്പമാണ്; അതിന് എമ്പാടും ആളുകൾ എന്നുമുണ്ടായിട്ടുണ്ട്, ഇന്നുമുണ്ട്. എന്നാൽ പറയുന്നത് പ്രാവർത്തികമാക്കി കാണിച്ചുകൊടുക്കാൻ പലർക്കും കഴിയാറില്ല; അതിന് ശ്രമിക്കാറില്ല എന്നതാണ് നേര്. ■

ഉസ്മാൻ പാലക്കാഴി
: 9656 292 244

# വിശുദ്ധ ക്വുർആൻ: പ്രായോഗികം, മാനവികം

പൂർണമായും സ്രഷ്ടാവിന്റെ വചനമായി ഭൂമിയിൽ നിലനിൽക്കുന്ന ഒരേയൊരു ഗ്രന്ഥം ക്വുർആൻ മാത്രമാണ്. സ്വാർഥത ജൈവികവികാരമായ മനുഷ്യരുടെ ഇടപെടലുകൾ നടന്നിട്ടില്ലാത്തതിനാൽ തന്നെ അത് നിത്യ പ്രസക്തമാണ്, പ്രായോഗികമാണ്, മാനവികമാണ്.

മനുഷ്യരാശിയെ സൻമാർഗത്തിലേക്ക് നയിക്കുവാനും പാരത്രിക വിജയത്തിന്റെ പാത ലോകത്തിന് പഠിപ്പിച്ചുകൊടുക്കുവാനുമായി പ്രപഞ്ച സ്രഷ്ടാവ് കാലാകാലങ്ങളായി അയച്ചുകൊണ്ടിരുന്ന ദൂതൻമാരുടെ പരമ്പര അവസാനിക്കുന്നത് മുഹമ്മദ് നബി(സ്വ)യോടു കൂടിയാണ്. ദൈവിക മാർഗദർശനത്തിന്റെ ഏറ്റവും പൂർണമായ രൂപം മുഹമ്മദ് നബി(സ്വ)യിലൂടെ ലോകർക്ക് നൽകപ്പെട്ടു. ഇനി മനുഷ്യർക്ക് മാർഗദർശനത്തിനായി ഒരു ദൂതനും വരാനില്ല, വിശുദ്ധ ക്വുർആൻ അന്തിമ വേദഗ്രന്ഥമാണ്; മറ്റൊരു വേദഗ്രന്ഥം ഇനി അവതരിക്കാനുമില്ല എന്ന അടിസ്ഥാനപരവും സുപ്രധാനവുമായ അധ്യാപനം കൂടി മുഹമ്മദ് നബി(സ്വ)യിലൂടെ നൽകപ്പെട്ടിരിക്കുന്നു.

ആറാം നൂറ്റാണ്ടിലെ അറേബ്യയിലെ അപരിഷ്കൃതരായ ജനസഞ്ചയത്തെ സംസ്കൃതചിത്തരും ഉൽകൃഷ്ട സ്വഭാവത്തിന്റെയും



എല്ലാ മാനവിക ഗുണങ്ങളുടെയും വക്താക്കളുമാക്കി മാറ്റിയ വിശുദ്ധ ഖുർആൻ അന്നുമുതൽ ഇന്നുവരെയുള്ള അതിന്റെ ജൈത്രയാത്രയിൽ തളർന്നു പോയിട്ടില്ല. ലോകത്തിന്റെ മുക്കുമൂലകളിൽ അത് എത്തിച്ചേർന്നു. അതിന്റെ വെളിച്ചം അറിവിന്റെയും അന്വേഷണങ്ങളുടെയും പഠനത്തിന്റെയും വിവിധ മേഖലകളിലേക്ക് ജനങ്ങളെ നയിച്ചു. അധർമത്തിന്റെയും ദൈവനിരാസത്തിന്റെയും ബഹുദൈവവാദത്തിന്റെയും അക്രമത്തിന്റെയും ഇരുട്ടുകളിൽ നിന്ന് ഖുർആൻ മനുഷ്യരെ മോചിപ്പിച്ചുകൊണ്ടിരുന്നു.

ഖുർആനിന്റെ വെളിച്ചത്തെ ഊതിക്കെടുത്താനുള്ള ശ്രമം പ്രവാചകന്റെ കാലം മുതൽ തുടങ്ങിയതാണ്. ഇന്നും ആ ശ്രമം ലോകവ്യാപകമായി നടന്നുവരുന്നുണ്ട്. ആധുനിക വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ഇന്നത്തെ എതിരാളികൾ ഖുർആൻ വിമർശനം നടത്തുന്നത് എന്ന വ്യത്യാസം മാത്രമേയുള്ളൂ.

ലോകത്ത് ധാരാളം മതങ്ങൾ നിലവിലുണ്ട്. വേദഗ്രന്ഥമുള്ളവയും ഇല്ലാത്തവയും അതിലുണ്ട്. ഒട്ടനേകം പ്രത്യയശാസ്ത്രങ്ങളും ചിന്താധാരകളും ദാർശനിക-സാഹിത്യ ഗ്രന്ഥങ്ങളും ലോകത്ത് ഉണ്ടായിട്ടുണ്ട്; ഇപ്പോഴും നിലവിലുണ്ട്. എന്നാൽ ഖുർആനിനെ പോലെ വിമർശനങ്ങൾക്കും എതിർപ്പുകൾക്കും ഇരയായ മറ്റൊരു ഗ്രന്ഥവും ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടില്ല. ഖുർആനിനെ പോലെ ജനകോടികൾ ജീവിതമാർഗദർശനമായി നെഞ്ചോടു ചേർത്ത മറ്റൊരു ഗ്രന്ഥവും കാണുവാൻ സാധ്യമല്ല.

### എന്തുകൊണ്ട് ഖുർആൻ?

ഖുർആൻ തികച്ചും ദൈവപ്രോക്ത ഗ്രന്ഥമാണ്. ഈ സവിശേഷത മറ്റൊരു ഗ്രന്ഥത്തിനുമില്ല. അങ്ങനെ അവയൊന്നും അവകാശപ്പെടുന്നുമില്ല. ഖുർആൻ തന്നെ പറയട്ടെ:

“തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു”(26:192).

"ഈ ഗ്രന്ഥത്തിന്റെ അവതരണം സർവലോകരക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല. അതല്ല, ഇത് അദ്ദേഹം കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? അല്ല, അത് നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാകുന്നു"(32:2,3).

കാലപ്പഴക്കത്താൽ നശിച്ചുപോകുന്ന, ആശയങ്ങൾ അപ്രസക്തമായിത്തീരുന്ന, കാലത്തിനനുസരിച്ച് ഭാഷയിൽ മാറ്റം വരുന്നതിനാൽ വായിച്ച് ഗ്രഹിക്കാൻ സാധിക്കാത്ത ഗ്രന്ഥങ്ങളുണ്ട്. എന്നാൽ ക്വുർആൻ 1400 വർഷങ്ങൾക്ക് ശേഷവും ആശയത്തിലും അക്ഷരത്തിലും മാറ്റം വരാതെ നിലനിൽക്കുന്നു. ലോകാവസാനം വരെയും നിലനിൽക്കുകയും ചെയ്യും. കാരണം അതിന്റെ സംരക്ഷണച്ചുമതല അല്ലാഹു തന്നെ ഏറ്റെടുത്തിട്ടുണ്ട്.

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (15:9).

**അവതരണ രീതി**

വിശുദ്ധ ക്വുർആൻ ഒറ്റത്തവണയായി ഒരു ഗ്രന്ഥരൂപത്തിലല്ല അവതരിക്കപ്പെട്ടത്; 23 വർഷത്തിനിടയിൽ അൽപാൽപമായാണ്.

"നീ ജനങ്ങൾക്ക് സാവകാശത്തിൽ ഓതിക്കൊടുക്കേണ്ടതിനായി ക്വുർആനിനെ നാം (പല ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നാം അതിനെ ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു" (17:106).

"സത്യനിഷേധികൾ പറഞ്ഞു; ഇദ്ദേഹത്തിന് ക്വുർആൻ ഒറ്റത്തവണയായി ഇറക്കപ്പെടാത്തതെന്താണെന്ന്. അത് അപ്രകാരം (ഘട്ടങ്ങളിലായി അവതരിപ്പിക്കുക) തന്നെയാണ് വേണ്ടത്..." (25:32).

ഇങ്ങനെ അവതരിപ്പിച്ചതിൽ മഹത്തായ യുക്തിയും ലക്ഷ്യവുമുണ്ട്. മനുഷ്യന്റെ സ്രഷ്ടാവായ അല്ലാഹുവിനാണല്ലോ മനുഷ്യനെക്കുറിച്ച് ഏറ്റവും നന്നായി അറിയുക. ദീർഘകാലമായി സമൂഹത്തിൽ നിലനിന്നുവരുന്ന ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും അധാർമികതകളും ഒറ്റയടിക്ക് നിർത്തലാക്കുക പ്രയാസകരമാണ്. ഘട്ടങ്ങളായി മാത്രമെ അവ നിർത്തൽ ചെയ്യാനാകൂ. ഇതിന് ഘട്ടങ്ങളായുള്ള അവതരണം സൗകര്യം നൽകുന്നു.

ജനങ്ങളിൽനിന്നും ഉയർന്നുവരുന്ന സംശയങ്ങൾക്കും അപ്പപ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾക്കും തദവസരത്തിൽതന്നെ പരിഹാരമുണ്ടാകുന്ന രീതിയിൽ ദൈവിക സന്ദേശങ്ങൾ ലഭിക്കുന്നത് പ്രബോധിത ജനതയിൽ കൂടുതൽ ഫലപ്രദമായ പരിവർത്തനങ്ങളുണ്ടാകുന്നതിന് നിമിത്തമാകും.

കാലപ്പഴക്കത്താൽ നശിച്ചുപോകുന്ന, ആശയങ്ങൾ അപ്രസക്തമായിത്തീരുന്ന, കാലത്തിനനുസരിച്ച് ഭാഷയിൽ മാറ്റം വരുന്നതിനാൽ വായിച്ച് ഗ്രഹിക്കാൻ സാധിക്കാത്ത ഗ്രന്ഥങ്ങളുണ്ട്. എന്നാൽ ക്വുർആൻ 1400 വർഷങ്ങൾക്ക് ശേഷവും ആശയത്തിലും അക്ഷരത്തിലും മാറ്റം വരാതെ നിലനിൽക്കുന്നു. ലോകാവസാനം വരെയും നിലനിൽക്കുകയും ചെയ്യും. കാരണം അതിന്റെ സംരക്ഷണച്ചുമതല അല്ലാഹു തന്നെ ഏറ്റെടുത്തിട്ടുണ്ട്.

ഒറ്റ പ്രാവശ്യമായി അവതരിപ്പിക്കപ്പെടുന്ന പക്ഷം അതിലെ നിയമനിർദേശങ്ങളെല്ലാം ഉടനടി തന്നെ നടപ്പിലാക്കേണ്ടതായി വരും. അത് പ്രയാസകരമാണെന്ന് പറയേണ്ടതില്ലല്ലോ. ഘട്ടങ്ങളായുള്ള അവതരണം വഴി ഈ പ്രയാസം ഇല്ലാതാക്കുവാനും ക്രമേണ പൂർണമായി സംസ്കരിക്കപ്പെട്ട ഒരു സമൂഹത്തെ വളർത്തിയെടുക്കുവാനും സാധിക്കും.

നിരക്ഷരനായ നബി(സ)ക്ക് ക്വുർആൻ പഠിക്കുവാനും മനഃപാഠമാക്കുവാനും ഘട്ടങ്ങളായുള്ള അവതരണം സൗകര്യം നൽകുന്നു. മറവിയോ അബദ്ധങ്ങളോ ഇല്ലാതിരിക്കുന്നതിനും ഇത് അവസരമൊരുക്കുന്നു. അതുപോലെ പ്രവാചകന്റെ അനുയായികൾക്ക് ക്വുർആൻ മനഃപാഠമാക്കുന്നതിനും അതിലെ വിഷയങ്ങൾ വ്യക്തമായി പഠിക്കുന്നതിനും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിനും അൽപാൽപമായുള്ള അവതരണം വഴി സാധിക്കും.

**വൈരുധ്യമുക്തമായ ഗ്രന്ഥം**

ക്വുർആനിന്റെ സവിശേഷത അതിൽ അനേകം വിഷയങ്ങൾ അടങ്ങിയിട്ടുണ്ട് എന്നതാണ്. അതിൽ ചരിത്രകഥനങ്ങളുണ്ട്. ഉദ്ബോധനങ്ങളും ഉപദേശങ്ങളു

മുണ്ട്. താക്കീതുകളും സന്തോഷവാർത്തകളുമുണ്ട്. സ്വർഗ-നരക വിവരണങ്ങളുണ്ട്. ശാസ്ത്രസൂചനകളുണ്ട്... വ്യത്യസ്ത വിഷയങ്ങൾ ഇടകലർന്ന് വരുന്നുണ്ടെങ്കിലും അവതരണകാലവും സ്ഥലവും വ്യത്യസ്തമാണെങ്കിലും വൈരുധ്യം ഖുർആനിൽ കാണപ്പെടുന്നില്ല എന്നത് അതിന്റെ ദൈവികത വ്യക്തമാക്കുന്നു.

“അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു” (4:82).

വിമർശകർ ഖുർആനിൽ വൈരുധ്യങ്ങളുണ്ടെന്ന് സ്ഥാപിക്കാൻ കിണഞ്ഞ് ശ്രമിക്കാൻ തുടങ്ങിയി



ട്ട് കാലമേറെയായെങ്കിലും അതിൽ വിജയിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. വൈരുധ്യം തെളിയിക്കാനായി അവർ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ അവ ഒന്നുകിൽ  വൈവിധ്യങ്ങളെ വൈരുധ്യങ്ങളായി തെറ്റിദ്ധരിപ്പിക്കലാണ്. അല്ലെങ്കിൽ വ്യത്യസ്ത സംഭവങ്ങളെ ഒരേ സംഭവങ്ങളായി തെറ്റിദ്ധരിപ്പിക്കലാണ്. അതുമല്ലെങ്കിൽ വിവരണങ്ങളെ കൃത്യമായി മനസ്സിലാക്കാതെയുള്ളതോ പദപ്രയോഗത്തെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ളതോ ആയ വിമർശനം മാത്രമാണ്.

### ദൈവിക ഗ്രന്ഥം

ഖുർആനിന്റെ ദൈവികതയിൽ സംശയിക്കുന്നവരെ ഖുർആൻ തന്നെ വെല്ലുവിളിച്ചത് 1400ൽപരം വർഷങ്ങൾക്ക് മുമ്പാണ്.

“അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപോലെയുള്ള പത്ത് അധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ട് വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ” (11:13).

“നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ഖുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതാണല്ലോ വേണ്ടത്)”(2:23).

“അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചതാണ് എന്നാണോ അവർ പറയുന്നത്? (നബിയേ,) പറയുക: എന്നാൽ അതിന്ന് തുല്യമായ ഒരു അധ്യായം നിങ്ങൾ കൊണ്ടു വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ” (10:38).

ഈ വെല്ലുവിളികൾക്കൊന്നും ലോകത്ത് എവിടെനിന്നും കൃത്യമായ പ്രത്യുത്തരമുണ്ടായിട്ടില്ല എന്നത് തന്നെ ഖുർആനിന്റെ ദൈവികത വ്യക്തമാക്കുന്നു. മൂന്ന് ചെറുസൂക്തങ്ങൾ മാത്രമുള്ള ‘അൽകൗസർ’ എന്ന അധ്യായത്തോട് കിടപിടിക്കുന്ന ഒന്ന് കൊണ്ടുവരാൻ പോലും ആർക്കും കഴിഞ്ഞിട്ടില്ല. അറബി സാഹിത്യത്തിൽ പ്രശസ്തരായ പലരും പ്രവാചകന്റെ കാലത്ത് തന്നെ ശ്രമിച്ച് പരാജയപ്പെട്ടതിന്റെ ചരിത്രമാണുള്ളത്.

ഖുർആൻ വചനങ്ങളുടെ വിപുലവും വിശിഷ്ടവുമായ അർഥപുഷ്ടിയും ഹൃദയാവർജകമായ ശൈലിയും ഈടുറ്റ വാചകഘടനയും അക്ഷരങ്ങളുടെ താളാത്മകമായ ക്രമീകരണവുമെല്ലാം അനുകരിക്കാൻ കഴിയാത്തവിധം

വേറിട്ടു നിൽക്കുന്നതാണ്.

അത്കൊണ്ടു തന്നെ ഖുർആനിന്റെ ദൈവികത നിഷേധിച്ച സാഹിത്യനായകന്മാരടങ്ങുന്ന എതിർപക്ഷത്തോട്, നിങ്ങളെല്ലാവരും ഒത്തുചേർന്നിട്ട് ഇതുപോലെ ഒരു ഗ്രന്ഥം കൊണ്ടുവരാൻ കഴിയുമെങ്കിൽ കൊണ്ടുവരൂ എന്ന് ഖുർആൻ വെല്ലുവിളിച്ചിട്ടും അവർക്ക് അതിന് സാധിച്ചില്ല.

"(നബിയേ,) പറയുക: ഈ ഖുർആൻ പോലൊന്ന് കൊണ്ട് വരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ട് വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും"(17:88).

### ഖുർആനിന്റെ സാഹിത്യഭംഗി

വിശുദ്ധ ഖുർആൻ ഒരു സാഹിത്യ ഗ്രന്ഥമല്ല. എന്നാൽ ഖുർആൻ പോലെ മികച്ച ഒരു സാഹിത്യ ഗ്രന്ഥം വേറെയില്ല. തുടക്കം മുതൽ ഒടുക്കം വരെ ഉന്നതമായ സാഹിത്യ നിലവാരം പുലർത്തുന്നതാണ് ഖുർആൻ. ഖുർആൻ ഏതു വിഷയത്തെക്കുറിച്ച് പറയുമ്പോഴും അതിന്റെ രചനാസൗഷ്ടവം നിലനിർത്തുന്നു. മനുഷ്യനിർമിത സാഹിത്യ കൃതികളിൽ കളവുകളും ഭാവനകളും സ്വാഭാവികമാണ്. എന്നാൽ ഖുർആൻ വചനങ്ങൾ ഉയർന്ന സാഹിത്യനിലവാരം പുലർത്തുന്നതോടൊപ്പം സൂക്ഷ്മതയും സത്യസന്ധതയും പുലർത്തുന്നവയുമാണ്. അസത്യത്തിന്റെ ചെറിയൊരംശം പോലും അതിൽ കാണുക സാധ്യമല്ല.

സാഹിത്യകൃതികൾക്ക് വഴങ്ങാത്ത വിഷയങ്ങളാണ് ഖുർആനിൽ പ്രതിപാദിക്കപ്പെടുന്നതെങ്കിലും പ്രസ്തുത വിവരണങ്ങളിലെല്ലാം അത് ഉന്നതമായ നിലവാരം പുലർത്തുകയും മനോഹാരിത കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. ആയാസരഹിതമായി പാരായണം ചെയ്യുവാനും മനഃപാഠമാക്കുവാനും അനുയോജ്യമായ വിധത്തിലുള്ള വാചക ഘടനയാണ് ഖുർആനിൽ നാം ദർശിക്കുക.

ഖുർആനിലെ ചരിത്ര വിവരണങ്ങളും പ്രവചനങ്ങളും ശാസ്ത്ര സൂചനകളുമെല്ലാം അവയുടെ സത്യതയും കൃത്യതയും കൊണ്ട് ദൈവികമാണ് ഖുർആൻ എന്ന് വിളിച്ചു പറയുന്നു.

### വെളിച്ചത്തിലേക്ക് നയിക്കുന്നത്

ഖുർആൻ വെറുതെ വായിച്ച് രസിക്കുവാനുള്ള ഗ്രന്ഥമല്ല. അത് മാനവരാശിയുടെ വഴികാട്ടിയാണ്. എല്ലാ രംഗത്തും മനുഷ്യന് സത്യപാത കാണിക്കുന്ന ഗ്രന്ഥം. അപഥ സഞ്ചാരമാർഗങ്ങളിൽ നിന്നും നേർപഥത്തിലേക്ക് ഖുർആൻ ക്ഷണിക്കുന്നു:

"തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (17:9).

> . തുടക്കം മുതൽ ഒടുക്കം വരെ ഉന്നതമായ സാഹിത്യ നിലവാരം പുലർത്തുന്നതാണ് ഖുർആൻ. ഖുർആൻ ഏതു വിഷയത്തെക്കുറിച്ച് പറയുമ്പോഴും അതിന്റെ രചനാസൗഷ്ടവം നിലനിർത്തുന്നു. മനുഷ്യനിർമിത സാഹിത്യ കൃതികളിൽ കളവുകളും ഭാവനകളും സ്വാഭാവികമാണ്. എന്നാൽ ഖുർആൻ വചനങ്ങൾ ഉയർന്ന സാഹിത്യനിലവാരം പുലർത്തുന്നതോടൊപ്പം സൂക്ഷ്മതയും സത്യസന്ധതയും പുലർത്തുന്നവയുമാണ്. അസത്യത്തിന്റെ ചെറിയൊരംശം പോലും അതിൽ കാണുക സാധ്യമല്ല.

"അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു" (5:16).

ഖുർആനിലെ വിധിവിലക്കുകളിൽ അക്രമത്തിനോ അനീതിക്കോ വേണ്ടിയുള്ള കൽപനകളൊന്നും ഉൾക്കൊള്ളുന്നില്ല. നീതി, ന്യായം, സത്യസന്ധത, ആദരവ്, അനുസരണം, നല്ല പെരുമാറ്റം തുടങ്ങി എല്ലാ സദ്ഗുണങ്ങളും ജീവിതത്തിൽ പകർത്തുവാനും കളവ്, വഞ്ചന, കാപട്യം, മദ്യപാനം, വ്യഭിചാരം, അഹങ്കാരം, അക്രമം, അനീതി തുടങ്ങി എല്ലാ അധർമങ്ങളും വെടിയുവാനുമാണ് ഖുർആൻ കൽപിക്കുന്നത്.

### ഖുർആനിന്റെ സ്വാധീനം

സ്വഹീഹ് ബുഖാരിയിൽ ഇപ്രകാരം കാണാവു

ന്നതാണ്: “അബൂബക്ർ(റ) തന്റെ വീടിന്റെ മുറ്റത്ത് ഒരു മസ്ജിദ് നിർമിക്കുകയും ജനങ്ങളിൽനിന്ന് അകന്ന് അവിടെ നമസ്കരിക്കുകയും ക്വുർആൻ പാരായണം നടത്തുകയും ചെയ്യുമായിരുന്നു. ആ സമയം മുശ്‌രിക്കുകളായ സ്ത്രീകളും അവരുടെ കുട്ടികളും അവിടെ തടിച്ചുകൂടി അത്ഭുതത്തോടെ അദ്ദേഹത്തെ നോക്കുമായിരുന്നു. അബൂബക്ർ(റ) ക്വുർആൻ പാരായണം ചെയ്താൽ കരയുമായിരുന്നു. പാരായണം ചെയ്യുമ്പോൾ തന്റെ കണ്ണിൽനിന്ന് ഉതിർന്നുവീഴുന്ന കണ്ണുനീർ അദ്ദേഹത്തിന് അടക്കിനിർത്താനാകുമായിരുന്നില്ല. സത്യനിഷേധികളായ നേതാക്കന്മാരെ ഇത് ഭയപ്പെടുത്തിയിരുന്നു.”

ക്വുർആനിന്റെ സ്വാധീനം എത്രത്തോളമുണ്ട് എന്നത് ഈ ഹദീസിൽ നിന്ന് വ്യക്തമാണ്. സത്യനിഷേധികളായവർ അത്തരം ആളുകൾക്കിടയിൽനിന്ന് അകന്നുനിൽക്കുകയും വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നത് കേട്ടാൽ ഓടിയകലുകയും ചെയ്യുന്നില്ലായിരുന്നെങ്കിൽ, അവരെല്ലാം വിശുദ്ധ ക്വുർആനിന്റെ



സൗന്ദര്യത്തിൽ ആകൃഷ്ടരാകുമായിരുന്നു.

ഈയൊരു പ്രതിഭാസം മനുഷ്യമനസ്സുകളെ വിറകൊള്ളിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ അസ്ഥികളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ആ അസാധാരണമായ വിറ നമ്മുടെ അവയവങ്ങളെയോ മനസ്സിനെയോ മാത്രമല്ല സ്വാധീനിക്കുന്നത്. മറിച്ച്, അതിനെല്ലാം അപ്പുറമാണ് അതിന്റെ സ്വാധീനം. അത് നമ്മെ ഭൂമിയിൽ വിനയാന്വിതരാക്കുകയും ചെയ്യുന്നു.

അല്ലാഹു പറയുന്നു: “(നബിയേ,) പറയുക: നിങ്ങൾ ഇതിൽ (ക്വുർആനിൽ) വിശ്വസിച്ച് കൊള്ളുക. അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക. തീർച്ചയായും ഇതിന് മുമ്പ് (ദിവ്യ) ജ്ഞാനം നൽകപ്പെട്ടവരാരോ അവർക്ക് ഇത് വായിച്ചു കേൾപിക്കപ്പെട്ടാൽ അവർ പ്രണമിച്ചുകൊണ്ട് മുഖംകുത്തി വീഴുന്നതാണ്” (ക്വുർആൻ 17:107).

ജുബൈർ ബിൻ മുത്ഇം പറയുന്നു: “നബി(സ) മഗ്‌രിബ് നമസ്കാരത്തിൽ ക്വുർആനിലെ ‘ത്വൂർ’ എന്ന അധ്യായം ഓതുന്നത് ഞാൻ കേൾക്കുകയുണ്ടായി. ‘അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല. അതല്ല, അവരുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?’ എന്ന വചനങ്ങളിൽ എത്തിയപ്പോൾ എന്റെ മനസ്സ് പാറിപ്പറക്കുകയാണോ എന്ന് തോന്നി.”

അല്ലാഹുവിന്റെ പ്രവാചകന്റെ മേൽ അവതീർണമായ വിശുദ്ധ ക്വുർആൻ അന്ന് മുശ്‌രിക്കായിരുന്ന ജുബൈർ ബിൻ മുത്ഇമിന് പോലും പ്രത്യേകമായ ഒരു അനുഭൂതി മനസ്സിലുണ്ടാക്കി. തന്റെ മനസ്സ് പാറിപ്പറക്കുകയാണോ എന്ന് അദ്ദേഹത്തിന് അനുഭവപ്പെടുകയും ചെയ്തു. ഇത് ക്വുർആനിന്റെ ദൈവികതയുടെ അടയാളമാണ്.

അല്ലാഹു പറയുന്നു: “അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു. അതത്രെ അല്ലാഹുവിന്റെ മാർഗദർശനം. അതുമുഖേന താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. വല്ലവനെയും അവൻ പിഴവിലാക്കുന്ന പക്ഷം അവന് വഴി കാട്ടാൻ ആരും തന്നെയില്ല” (ക്വുർആൻ 39:23).

“റസൂലിന് അവതരിപ്പിക്കപ്പെ

ട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ” (ക്വുർആൻ 5:83).

ഇതാണ് വിശുദ്ധ ക്വുർആനിനെ ഇതര ഗ്രന്ഥങ്ങളിൽനിന്നും രചനകളിൽനിന്നും വ്യത്യസ്തമാക്കുന്നത്. അല്ലാഹുവിന്റെ ദിവ്യവചനങ്ങൾ നമ്മെ വിറകൊള്ളിക്കുകയും ഹൃദയങ്ങളെ ചകിതമാക്കുകയും കരയിക്കുകയും ചെയ്യുന്നു.

### ക്വുർആനിന്റെ കാലികപ്രസക്തി

‘ക്വുർആനിന്റെ സന്ദേശങ്ങൾ ആധുനിക കാലഘട്ടത്തിന് യോജിച്ചതല്ല, അതിൽ മാനവവിരുദ്ധമായ ആശയങ്ങളുണ്ട്. ക്വുർആൻ സ്ത്രീവിരുദ്ധമാണ്. പുരുഷപക്ഷത്തുനിന്നാണ് അത് സംസാരിക്കുന്നത്.



ആയതിനാൽ ക്വുർആനിനെ കാലഘട്ടത്തിനനുസരിച്ച് വ്യാഖ്യാനിക്കേണ്ടതുണ്ട്. ഒന്നര സഹസ്രാബ്ദം മുമ്പുള്ള ക്വുർആനികാശയങ്ങൾ ആധുനിക മനുഷ്യൻ ഉൾക്കൊണ്ട് ജീവിക്കണമെന്ന് പറയുന്നത് അംഗീകരിക്കാനാവില്ല..’ ചില ഭൗതികവാദികൾ ഇപ്രകാരം വാദിക്കാറുണ്ട്.

ഒരു ഭൗതികവാദി എഴുതിയത് കാണുക: “മുസ്‌ലിംകൾ പൊതുവെ വിശ്വസിക്കുന്നത് ഇസ്‌ലാം അവസാനത്തെ മതവും മുഹമ്മദ് അവസാനത്തെ പ്രവാചകനും ഖുർആൻ അവസാനത്തെ വേദഗ്രന്ഥവും ആണെന്നാണ്. (ആദിമ മനുഷ്യനായി സെമിറ്റിക് മതങ്ങൾ കരുതുന്ന ആദം തൊട്ട് ദൈവം ലോകത്തിനു നൽകിപ്പോന്നത് ഇസ്‌ലാം ആണെന്നും മുഹമ്മദ് നബിയിലൂടെ ആ മതം പൂർണമാക്കപ്പെടുകയാണ് ചെയ്തത് എന്ന വിശ്വാസവും മുസ്‌ലിംകൾക്കിടയിലുണ്ട്). ഈ വിശ്വാസത്തിന് പതിനാല് നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ലോകത്തിനുള്ള അന്തിമ സന്ദേശം ദൈവം നൽകിയിട്ട് ഒന്നര സഹസ്രാബ്ദത്തോളമായി എന്ന് ചുരുക്കം. സുദീർഘമായ ഈ കാലയളവിൽ ലോകം അമ്പരപ്പിക്കുന്ന മാറ്റങ്ങൾക്ക് വിധേയമാവുകയുണ്ടായി. ഒരു കാലത്ത് അസങ്കൽപനീയമായിരുന്ന ഒട്ടനവധി പരിവർത്തനങ്ങൾ സമൂഹത്തിൽ പിൽക്കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. മധ്യശതക ഗോത്ര സമൂഹങ്ങൾ അഭിമുഖീകരിച്ചതിനെക്കാൾ എത്രയോ സങ്കീർണമായ സമസ്യകൾ പിൽക്കാല സമൂഹങ്ങൾ അഭിമുഖീകരിച്ചു. ഇവയ്ക്കും ഇനി വരാനിരിക്കുന്ന അനേകം സമസ്യകൾക്കും ഉത്തരവും പരിഹാരവും നിർദേശിക്കാൻ ഇസ്‌ലാമിന്റെ വേദം പര്യാപ്തമാണെന്ന വിശ്വാസമാണ് പരമ്പരാഗത മുസ്‌ലിം പണ്ഡിതർ വച്ചുപുലർത്തിയത്. അവരുടെ അഭിപ്രായത്തിൽ ഖുർആൻ നൽകുന്ന ഉത്തരങ്ങൾ പിഴക്കില്ല. കാരണം അത് ദൈവികമാണ്” (ഹമീദ് ചേന്ദമംഗല്ലൂർ, പാഠഭേദം മാസിക, 2003 ഡിസംബർ, പേജ് 18).

ക്വുർആനികാശയങ്ങൾ പഴഞ്ചനായിത്തീർന്നിട്ടുണ്ടെന്നും ഇന്നത്തെ കാലത്ത് അതിന് യാതൊരു പ്രസക്തിയുമില്ലെന്നും അത്കൊണ്ടുതന്നെ കാലത്തിനനുസരിച്ച രൂപത്തിലുള്ള വ്യാഖ്യാനം നൽകി ക്വുർആനിനെ പുനർവ്യാഖ്യാനിക്കേണ്ടതുണ്ട് എന്നുമാണ് അദ്ദേഹം തന്റെ ലേഖനത്തിൽ പറയുന്നത്.

മുഹമ്മദ് നബി(സ)ക്കും ക്വുർആനിന്റെ അവതരണത്തിനും ശേഷം മാവരാശിക്ക് നൂതനമായ പല സമസ്യകളെയും നേരിടേണ്ടിവന്നിരിക്കാം. ഭൂമുഖത്ത് ആവിർഭവിക്കുന്ന എല്ലാ സമസ്യകൾക്കും പ്രശ്നങ്ങൾക്കും പരിഹാരം ക്വുർആനിലുണ്ട് എന്ന കണ്ണടച്ചുള്ള പ്രഖ്യാപനം ക്വുർആനിലില്ല. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തിന്റെയും സ്രഷ്ടാവിന്റെ താൽപര്യങ്ങൾ ശരിയായി മനസ്സിലാക്കി മനുഷ്യജീവിതത്തെ അർഥവത്താക്കി മുന്നോട്ട് പോകുന്നതിന്റെയും രൂപരേഖ

യാണ് ക്വുർആൻ നൽകുന്നത്. മനുഷ്യൻ എത്ര പുരോഗമിച്ചാലും അവൻ സ്രഷ്ടാവിന്റെ സൃഷ്ടിയല്ലാതാവുകയോ അവൻ ദൈവവുമായുള്ള ബന്ധത്തിന്റെയും ചുമതലകളുടെയും തലത്തിൽ നിന്ന് മുക്തമാവുകയോ ചെയ്യുന്നില്ല. ആയതിനാൽ സാർവകാലികവും സാർവദേശീയവുമായ ഒരു വേദത്തിലൂടെ സൃഷ്ടി-സ്രഷ്ടാവ് ബന്ധത്തിന്റെ നിത്യനൂതനമായ മാർഗം മനുഷ്യർക്ക് നൽകുകയാണ് ക്വുർആൻ ചെയ്തിരിക്കുന്നത്. ഭൂമിശാസ്ത്രപരവും ആവാസവ്യവസ്ഥിതിയുമായി ബന്ധപ്പെട്ടതും ശാസ്ത്രീയ-വൈജ്ഞാനിക സ്വഭാവമുള്ളതുമായ, മനുഷ്യജീവിതത്തിലെ ബാഹ്യഘടകങ്ങൾ ക്വുർആനിന്റെയും പ്രവാചകത്വത്തിന്റെയും പ്രമേയങ്ങളല്ല. മനുഷ്യരാശിയിൽ ഓരോ കാലത്തും ആവിർഭവിക്കുന്ന ഉപരിപ്ലവ പ്രശ്നങ്ങളുടെ പരിഹാര നിർദേശങ്ങൾ ക്വുർആനിൽ അന്വേഷിക്കണമെന്ന ചിന്താഗതി ഒരു കാലത്തും മുസ്‌ലിംകൾക്കിടയിൽ ഉണ്ടായിട്ടുമില്ല.

ക്വുർആൻ വ്യാഖ്യാനത്തിന് കൃത്യമായ ചില മാനദണ്ഡങ്ങളുമുണ്ട്. ക്വുർആനിലെ ഒരു പദത്തിനോ സൂക്തത്തിനോ ക്വുർആനികാശയങ്ങൾക്ക് വിരുദ്ധമായ അർഥവും വ്യാഖ്യാനവും എത്ര വലിയ പണ്ഡിതൻ നൽകിയാലും അത് മുസ്‌ലിംകളാൽ തന്നെ ചോദ്യം ചെയ്യപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യാറുണ്ട് എന്നത് അനിഷേധ്യമാണ്. ആയിരത്തി നാനൂറ് വർഷം മുമ്പ് അവതരിച്ച ഒരു ഗ്രന്ഥം ഇന്ന് അതേ രൂപത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ, അതിലെ കൽപനാനിർദേശങ്ങൾ അന്നത്തെയാളുകൾ മനസ്സിലാക്കി പ്രാവർത്തികമാക്കിയതുപോലെ ഇന്നത്തെയാളുകളും പ്രാവർത്തികമാക്കുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നത് ആ ഗ്രന്ഥത്തിന്റെ ദൈവികതയും പ്രായോഗികതയുമാണ്.

അറേബ്യയിലെ സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ചല്ല പ്രവാചകൻ(സ്വ) ക്വുർആൻ വ്യാഖ്യാനിച്ചുകൊടുത്തത്; സ്രഷ്ടാവ് അറിയിച്ചുകൊടുത്തതനുസരിച്ചാണ്. കാലത്തിനും സാഹചര്യങ്ങൾക്കുമനുസരിച്ച് പലരും പലതും മനസ്സിലാക്കുന്നത് സ്വാഭാവികം. മൊബൈൽ ഫോണിനെക്കുറിച്ച് ക്വുർആനിൽ പറഞ്ഞിട്ടില്ല എന്നത് ക്വുർആനിന്റെ ദൈവികതയെ ചോദ്യം ചെയ്യാൻ മുസ്‌ലിം നാമധാരിയായ ഒരു ഭൗതികവാദി ആയുധമാക്കിയത് ഓർമവരുന്നു. ആറാം നൂറ്റാണ്ടിലെ പടച്ചവൻ തന്നെയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പടച്ചവൻ. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യൻ മൊബൈൽ കണ്ടുപിടിക്കുമെന്ന അറിവ് സർവജ്ഞനായ അവന് ഇല്ലാതിരിക്കുകയുമില്ല. എന്നാൽ അതിനെക്കുറിച്ച് പറഞ്ഞില്ല എന്നതിലാണ് ക്വുർആനിന്റെ മഹത്ത്വം. കാരണം ക്വുർആൻ അന്ത്യനാൾ വരെയുള്ള മാനവരാശിക്കുള്ളതാണ്. ഏതാനും ദശകങ്ങൾ കഴിഞ്ഞാൽ അല്ലെങ്കിൽ അടുത്ത നൂറ്റാണ്ടിൽ മൊബൈൽ ഫോൺ ഉണ്ടാകുമെന്നതിന് എന്താണുറപ്പ്? മൊബൈൽ എന്നല്ല എല്ലാ ആധുനിക ഉൽപന്നങ്ങളും മാറിക്കൊണ്ടേയിരിക്കുന്നു. ഒന്ന് മറ്റൊന്നിന് വഴിമാറിക്കൊണ്ടേയിരിക്കുന്നു. അപ്പോൾ ഇതിൽ ഏതിനെക്കുറിച്ചാണ് ക്വുർആനിൽ പറയുക? അന്ത്യനാൾ വരെയുള്ള മുഴുവൻ കണ്ടുപിടുത്തങ്ങളെക്കിറിച്ചും പറയേണ്ടിവരില്ലേ? ഇനി ഇരുപതാം നൂറ്റാണ്ടിൽ മൊബൈൽ ഫോൺ എന്ന സാധനം കണ്ടുപിടിക്കും എന്ന് ക്വുർആനിൽ പരാമർശമുണ്ടായി എന്നു സങ്കൽപിക്കുക. അടുത്ത നൂറ്റാണ്ടിൽ അല്ലെങ്കിൽ അതിനടുത്ത നൂറ്റാണ്ടിൽ മൊബൈൽ അപ്രത്യക്ഷമാകുന്നു. മൊബൈൽ ഫോൺ കണ്ടുപിടിക്കുമെന്നും പിന്നീട് അത് ഇല്ലാതായി മാറുമെന്നും എന്തുകൊണ്ട് പ്രവചിച്ചില്ല എന്നായിരിക്കില്ലേ അടുത്ത ചോദ്യം?

ക്വുർആനിലെ ഏതെങ്കിലും കൽപനകളും നിർദേശങ്ങളും വിധികളും വിലക്കുകളും അപ്രായോഗികമോ അമാനവികമോ ആണെന്ന് തെളിയിക്കുവാൻ ഒരു ഭൗതികവാദിക്കും ഇന്നേവരെ സാധിച്ചിട്ടില്ല. പകരം പുകമറകൾ സൃഷ്ടിച്ച് തെറ്റുധാരണകൾ പരത്തുവാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

“അവർ അവരുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു” (ക്വുർആൻ 61:8). ■

> ക്വുർആനിലെ ഒരു പദത്തിനോ സൂക്തത്തിനോ ക്വുർആനികാശയങ്ങൾക്ക് വിരുദ്ധമായ അർഥവും വ്യാഖ്യാനവും എത്ര വലിയ പണ്ഡിതൻ നൽകിയാലും അത് മുസ്‌ലിംകളാൽ തന്നെ ചോദ്യം ചെയ്യപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യാറുണ്ട് എന്നത് അനിഷേധ്യമാണ്. ആയിരത്തി നാനൂറ് വർഷം മുമ്പ് അവതരിച്ച ഒരു ഗ്രന്ഥം ഇന്ന് അതേ രൂപത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ, അതിലെ കൽപനാനിർദേശങ്ങൾ അന്നത്തെയാളുകൾ മനസ്സിലാക്കി പ്രാവർത്തികമാക്കിയതുപോലെ ഇന്നത്തെയാളുകളും പ്രാവർത്തികമാക്കുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നത് ആ ഗ്രന്ഥത്തിന്റെ ദൈവികതയും പ്രായോഗികതയുമാണ്.

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

**ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ** 16

# എതിർപ്പുകളെ അതിജയിച്ച വാർഷിക സമ്മേളനങ്ങൾ



> കൊച്ചി ദിവാൻ മുസ്‌ലിം വിദ്യാർഥിനികൾക്ക് അനുവദിച്ചിരുന്ന സ്‌കോളർഷിപ്പിൽ അട്ടിമറികൾ നടത്തിയ സാഹചര്യത്തിൽ ഐക്യസംഘം നിവേദകസംഘത്തെ അയച്ചുകൊണ്ട് അതിന് പ്രതിവിധിയുണ്ടാക്കി. ജനാധിപത്യ ഭരണ സമ്പ്രദായത്തിനു മുമ്പാണ് അറബി വിദ്യാഭ്യാസത്തിനുള്ള സൗകര്യം, മുസ്‌ലിം പെൺകുട്ടികൾക്കുള്ള സ്‌കോളർഷിപ്പ്, പെൺകുട്ടികൾക്ക് തല മറയ്ക്കാനുള്ള സ്വാതന്ത്ര്യം, വെള്ളിയാഴ്ച ജുമുഅ നമസ്‌കാരത്തിൽ പങ്കെടുക്കാനായുള്ള ഉച്ചനേരത്തെ ലഘു ഇടവേള എന്നിവ രാജഭരണം അനുവദിച്ചു നൽകിയത്. ഇവയെല്ലാം ഭരണതലത്തിലുള്ള ബുദ്ധിപരമായ ഇടപെടലുകളിലൂടെയാണ് ഐക്യസംഘത്തിനു നേടിയെടുക്കാൻ സാധിച്ചത്.

## അഞ്ചാം വാർഷികസമ്മേളനം

കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ അഞ്ചാം വാർഷിക സമ്മേളനം 1927 മെയ് 7,8 തീയതികളിൽ കണ്ണൂരിൽ ചേർന്നു. ആദം സേട്ട് ആയിരുന്നു അധ്യക്ഷൻ. മറ്റു സമ്മേളനങ്ങളെപ്പോലെത്തന്നെ ഈ സമ്മേളനം ആസൂത്രണം ചെയ്യുന്നതിലും സംഘടിപ്പിക്കുന്നതിലും മുഖ്യപങ്ക് വഹിച്ചവരിൽ പ്രധാനി ഇ.കെ.മൗലവിയായിരുന്നു. ഈ സമ്മേളനത്തിലെ അദ്ദേഹത്തിന്റെ സജീവസാന്നിധ്യം അദ്ദേഹത്തിന്റെ രചനകളിൽനിന്നും മനസ്സിലാക്കാവുന്നതാണ്. അഞ്ചാം വാർഷിക സമ്മേളനത്തെക്കുറിച്ച് നമുക്ക് അറിവു നൽകുന്ന ചരിത്രരേഖ 'അൽഇത്തിഹാദ്,' 'അൽമുർശിദ്' മാസികകളിൽ ഇ.കെ. മൗലവി എഴുതിയ ലേഖനങ്ങൾ മാത്രമാണ്. കണ്ണൂർ വാർഷിക സമ്മേളനത്തെക്കുറിച്ച് ഇ.കെ.മൗലവി എഴുതിയത് ഇങ്ങനെ:

"കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ അഞ്ചാം വാർഷിക സമ്മേളനം 1927-ൽ കണ്ണൂരിൽ ചേർന്നു. അവിടത്തെ സമുദായ പ്രവർത്തകരുടെയും അഭ്യുദയകാംക്ഷികളുടെയും ആവശ്യം അനുസരിച്ചായിരുന്നു അത്. കേരളത്തിലെ പ്രഥമ മുസ്‌ലിം അനാഥാലയമായ ജെ.ഡി.റ്റി ഇസ്‌ലാമിന്റെ സ്ഥാപകനെന്ന നിലക്ക് സുപരിചിതനായ മുഹ്‌യിദ്ദീൻ അഹ്മദ് സാഹിബിന്റെ ഇളയ സഹോദരൻ മൗലവി മുഹമ്മദലി എം.എ ആയിരുന്നു ഈ സമ്മേളനത്തിൽ അധ്യക്ഷൻ. ഇത്തരം കാരണങ്ങളാൽ ഐക്യസംഘത്തിന്റെ ശത്രുക്കൾക്ക് പരസ്യമായി എതിർ പ്രചാരവേല ചെയ്യാൻ സാധിക്കാതെ വന്നു. പക്ഷേ, പോത്തുകൾക്ക് ചളിവെള്ളം പഥ്യമാണല്ലോ. പരസ്യമായിട്ടല്ലെങ്കിലും



അവർ എതിർ പ്രചാരവേല സംഘടിപ്പിക്കുകതന്നെ ചെയ്തു. ആരംഭം മുതൽ ഐക്യസംഘത്തിലെ അംഗവും പ്രവർത്തകനും നല്ല പണ്ഡിതനുമായിരുന്ന ഒരാൾ ആ രഹസ്യപ്രചാരവേലയുടെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു.[40] (പേര് ഇവിടെ വെളിപ്പെടുത്തുന്നില്ല). അദ്ദേഹത്തിന്റെ ഗൂഢപ്രചാരവേലയുടെ രീതി ഏതാണ്ട് ഇപ്രകാരമായിരുന്നു: 'ഐക്യസംഘക്കാരിൽ നേർക്കുനേരെ തെറ്റൊന്നും കണ്ടുപിടിക്കാൻ സാധിക്കില്ല. എങ്കിലും ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയയുടെ അഖീദയും അഭിപ്രായവുമാണ് അവർ സ്വീകരിക്കുന്നത്. അദ്ദേഹത്തിനാകട്ടെ, അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിനെതിരായ അഖീദയും അഭിപ്രായങ്ങളുമാണുള്ളത്. ഇതു സാധാരണക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. ഇബ്നു തൈമിയ വഴിതെറ്റിയവനും വഴിതെറ്റിക്കുന്നവനുമാണെന്നാണ് ഇബ്നു ഹജറുൽ ഹൈതമി തന്റെ ഫതാവയിൽ എഴുതിയിട്ടുള്ളത്.'

ഈ സമ്മേളനവുമായി ബന്ധപ്പെട്ടതല്ലെങ്കിലും മേൽപറഞ്ഞ പണ്ഡിതൻ പിൽക്കാലത്ത് കണ്ണൂരിൽ വെച്ചു നടത്തിയ ഒരു പ്രസംഗത്തിൽ 'വല്ല കാര്യത്തിലും അഭിപ്രായഭിന്നതയുണ്ടായാൽ അത് ഖുർആനിലേക്കും സുന്നത്തിലേക്കും മടക്കുകയാണ് വേണ്ടത് എന്ന് ആരെങ്കിലും നിങ്ങളോട് പറഞ്ഞാൽ മടക്കേണ്ടതില്ല, മടക്കരുത്, മടക്കുകയില്ല എന്നു നിങ്ങൾ അവരോട് പറഞ്ഞേക്കണം' എന്നു ഓരിയിട്ടിരുന്ന കാര്യം സ്മർത്തവ്യമത്രെ,

കണ്ണൂരിലെ അറിയപ്പെട്ട ഇസ്‌ലാഹീ പ്രവർത്തകനും ഐക്യസംഘത്തിന്റെ പ്രമുഖ നേതാവുമായിരുന്ന പി.അബ്ദുൽ ഖാദിർ മൗലവിക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാന പ്രചാരണത്തിൽ അതുല്യമായ പങ്കുവഹിച്ചതും ചലനാത്മകമായ വിപ്ലവം സൃഷ്ടിച്ചതും എതിരാളികളെ മുട്ടുകുത്തിച്ചതുമായ 'അത്തൗഹീദ്' എന്ന മഹദ് ഗ്രന്ഥത്തിന്റെ കർത്താവാണ് പി. അബ്ദുൽ ഖാദിർ മൗലവി.[41]

പാമരജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഇതിലധികം എന്തു വേണം? ഈ ദുഷ്പ്രചാരണം കുറേയൊക്കെ ഫലിക്കുകതന്നെ ചെയ്തു. തന്മൂലം ഐക്യസംഘം പ്രവർത്തകർക്കു വേണ്ടപ്പെട്ടവരുടെ സഹായ സഹകരണങ്ങൾ ലഭിക്കാതെ പോയി. ഐക്യസംഘത്തിന്റെ പ്രധാന പ്രവർത്തകരായ മണപ്പാട്ട് പി. കുഞ്ഞുമുഹമ്മദ് സാഹിബ്, സഹോദരൻ കൊച്ചുമൊയ്തീൻ സാഹിബ്, സീതിസാഹിബിന്റെ വന്ദ്യപിതാവ് കോട്ടപ്പുറത്ത് സീതി മുഹമ്മദ് സാഹിബ്, കെ.എം. മൗലവി സാഹിബ് മുതലായവർ സമ്മേളനാവസരത്തിൽ സ്ഥലത്തുണ്ടായിരുന്നില്ല. ഹജ്ജ് കർമം നിർവഹിക്കാൻ അവർ ഹിജാസിലേക്കു പോയിരുന്നു. സീതി സാഹിബ് നാട്ടിൽതന്നെ ഉണ്ടായിരുന്നത് തെല്ലൊരാശ്വാസമായി.

സമ്മേളനത്തിൽ വെച്ച് ചന്ദനക്കുടം, കൊടികുത്ത് മുതലായ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അധിക്ഷേപിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും പ്രമേയങ്ങളും ജനങ്ങൾ ചെവികൂർപ്പിച്ചു ശ്രദ്ധിച്ചു. ആർക്കും ഒരുവിധത്തിലുള്ള എതിർപ്പുമുണ്ടായില്ല. സീതി സ്വാഹിബിന്റെയും മണപ്പാടന്റെയും പ്രസംഗങ്ങൾ കേട്ടത് മതിയായില്ലെന്നായിരുന്നു സദസ്സ്യരുടെ ആവലാതി. സീതിസ്വാഹിബിന്റെ പ്രസംഗത്തിന്റെ ഒരു ഭാഗം ഇങ്ങനെയായിരുന്നു: "ഇന്ന് ഇവിടെ തടിച്ചുകൂടിയിട്ടുള്ള എന്റെ സഹോദരന്മാരിൽ വല്ലവരും ഞങ്ങളെയും ഞങ്ങളുടെ പ്രസ്ഥാനത്തെയും എതിർക്കുന്നുണ്ടെങ്കിൽ അതു അവർക്ക് കാര്യം മനസ്സിലാകാത്തതുകൊണ്ടാണ്. അതിൽ അവർ കുറ്റക്കാരല്ല. കാലക്രമേണ അവർക്ക് കാര്യം മനസ്സിലായിക്കൊള്ളും. അങ്ങനെ അവർ നമ്മുടെ പ്രസ്ഥാനത്തിന്റെ അനുകൂലികളും സഹായികളുമായിത്തീരും. അവർ ഞങ്ങളെ തെരഞ്ഞുപിടിച്ചു പ്രസംഗിപ്പിക്കും." സീതി സ്വാഹിബിന്റെ ഈ വാക്കുകൾ അക്ഷരംപ്രതി അന്വർഥമായിരിക്കുന്നുവെന്ന് ആരെയും പറഞ്ഞറിയിക്കേണ്ടതില്ല.

ഭാഗ്യമെന്നു പറയട്ടെ, എതിരാളികളുടെ കുതന്ത്രങ്ങൾ മനസ്സിലാക്കിയ ഇല്ലത്തകത്ത് സയ്യിദ് മശ്ഹൂർ തങ്ങൾ, സഹോദരൻ ബമ്പൻ തങ്ങൾ, ഇല്ലത്തുകുത്ത് പുതിയാപ്പിള ഇമ്പിച്ചിക്കോയ തങ്ങൾ, അദ്ദേഹത്തിന്റെ സഹോദരൻ ഹബീബ് കോയ തങ്ങൾ, ഉർദു പണ്ഡിറ്റ് എം.അബൂബക്കർ തുടങ്ങിയ ചുറുചുറുക്കുള്ള യുവാക്കന്മാർ ആവേശപൂർവം രംഗത്തിറങ്ങി പ്രവർത്തിക്കാൻ തുടങ്ങി. കണ്ണൂർ, തലശ്ശേരി, മാഹി, വളപട്ടണം മുതലായ സ്ഥലങ്ങളിൽ പ്രചാരണയോഗം സംഘടിപ്പിച്ച് പ്രസംഗങ്ങൾ നടത്തിവന്നു. മിക്ക സ്ഥലത്തും സീതി സാഹിബ് പ്രസംഗിക്കാറുണ്ട്. തന്നിമിത്തം ശത്രുക്കളുടെ കുപ്രചാരവേലകൾ മങ്ങിമറിഞ്ഞു. കേരളത്തിന്റെ നാനാഭാഗത്തുനിന്നും ജനങ്ങൾ കൂട്ടം കൂട്ടമായി വന്നുചേർന്നു. എതിരാളികളുടെ അപശബ്ദങ്ങൾ തീരെ കേൾക്കാതായി.

ഒന്നാം ദിവസം അധ്യക്ഷന്റെ ഉജ്ജ്വല പ്രസംഗവും സീതിസാഹിബിന്റെ തർജമയും നടന്നു. ഇതിനെത്തുടർന്ന് ഒളിവിൽ പോയവരെല്ലാം സമ്മേളന ഹാളിൽ മുൻ സീറ്റിൽതന്നെ കാണപ്പെട്ടു. അന്നൊരു പ്രത്യേക സംഭവമുണ്ടായി. അധ്യക്ഷന്റെ ഉപസംഹാരപ്രസംഗം ഉർദുവിലായിരുന്നു. അതു തർജമ ചെയ്യാൻ ആരും മുമ്പോട്ടുവന്നില്ല. അവസാനം സീതി സാഹിബ് തന്നെ ആ പ്രസംഗവും പരിഭാഷപ്പെടുത്തി. സീതി സാഹിബിന് ഉർദു അറിയില്ലെന്നായിരുന്നു ജനങ്ങളുടെ ധാരണ. സമ്മേളനാനന്തരം സംഘം ഭാരവാഹികൾക്ക് രണ്ടുദിവസം കൂടി കണ്ണൂരിലും പരിസരത്തും താമസിക്കേണ്ടിവന്നു. ഈ ദിവസങ്ങളിൽ പരിസരപ്രദേശങ്ങളിൽ യോഗം സംഘടിപ്പിച്ചു പ്രസംഗങ്ങൾ നടത്തുകയുണ്ടായി."[42]

പുതിയ പ്രമേയങ്ങളൊന്നും ഈ വാർഷികത്തിൽ അവതരിപ്പിക്കപ്പെട്ടില്ലെങ്കിലും രാഷ്ട്രീയ, സാമൂഹിക, വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്താൻ സംഘത്തിന് സാധിച്ചത് ഈ സമ്മേളന കാലത്താണ്. കക്ഷിവഴക്കുകളെ മറികടന്ന് പ്രാദേശിക, ദേശീയ ജനായത്ത തെരഞ്ഞെടുപ്പുകളിൽ പുലർത്തേണ്ട ഐക്യബോധത്തെ സംബന്ധിച്ച അവബോധമുണ്ടാക്കുവാൻ നേതാക്കൾ പരിശ്രമിച്ചു. കൊച്ചി ദിവാൻ മുസ്‌ലിം വിദ്യാർഥിനികൾക്ക് അനുവദിച്ചിരുന്ന സ്കോളർഷിപ്പിൽ അട്ടിമറികൾ നടത്തിയ സാഹചര്യത്തിൽ ഐക്യസംഘം നിവേദകസംഘത്തെ അയച്ചുകൊണ്ട് അതിന് പ്രതിവിധിയുണ്ടാക്കി. ജനാധിപത്യ ഭരണസമ്പ്രദായത്തിനു മുമ്പാണ് അറബി വിദ്യാഭ്യാസത്തിനുള്ള സൗകര്യം, മുസ്‌ലിം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, പെൺകുട്ടികൾക്ക് തല മറയ്ക്കാനുള്ള സ്വാതന്ത്ര്യം, വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിൽ പങ്കെടുക്കാനായുള്ള ഉച്ചനേരത്തെ ലഘു ഇട

വേള എന്നിവ രാജഭരണം അനുവദിച്ചുനൽകിയത്. ഇവയെല്ലാം ഭരണതലത്തിലുള്ള ബുദ്ധിപരമായ ഇടപെടലുകളിലൂടെയാണ് ഐക്യസംഘത്തിനു നേടിയെടുക്കാൻ സാധിച്ചത്. സംഘത്തിൽ നടക്കുന്നത് വഹാബിസമാണെന്ന തരത്തിൽ പ്രതിഷേധങ്ങൾ ശക്തമായ ഈ കാലയളവിലും സാമുദായിക നവീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നു സംഘം നേതാക്കൾ. അടുത്ത വാർഷികസമ്മേളനം കാസർകോട്ട് ചേരാൻ പലരും ആവശ്യപ്പെട്ടെങ്കിലും തിരൂർക്കാർ മുൻകൂട്ടി അപേക്ഷിച്ചിരുന്നതുകൊണ്ട് അവിടെ വെച്ചു നടത്താനാണ് തീരുമാനിച്ചത്.

### ആറാം വാർഷിക സമ്മേളനം

പൊന്നാനിയിലും പരിസരങ്ങളിലുമുള്ള ചില മാന്യന്മാരുടെ ആവശ്യാനുസരണം ഐക്യസംഘത്തിന്റെ 6ാം വാർഷിക സമ്മേളനം തിരൂരിൽ നടത്താനാണ് തീരുമാനിച്ചത്. ഈ സമ്മേളനവും ഇ.കെ.മൗലവിയുടെ ആസൂത്രണത്തിലും സജീവ സാന്നിധ്യത്തിലുമാണ് നടന്നത്. സമ്മേളനത്തിന് ആഴ്ചകൾക്കു മുമ്പുതന്നെ ഇ.കെ.മൗലവി തിരൂരിലെത്തുകയും സമ്മേളനം കഴിയുന്നതുവരെ അവിടെ ക്യാമ്പ് ചെയ്യുകയും ചെയ്തു. അൽഇത്തിഹാദ്, അൽമുർശിദ് മാസികകളിൽ ഇ.കെ. മൗലവി എഴുതിയ ലേഖനങ്ങൾ ക്രോഡീകരിച്ച് എൻ.കെ.അഹ്മദ് മൗലവി എഴുതിയ 'ഐക്യസംഘവും കേരള മുസ്‌ലിംകളും' എന്ന ഗ്രന്ഥത്തിൽ സമ്മേളനത്തെക്കുറിച്ചു നൽകിയ വിവരണമാണ് ചുവടെ:

"ഐക്യസംഘത്തിന്റെ ആറാം വാർഷികസമ്മേളനം, പൊന്നാനിയിലെയും അയൽപ്രദേശങ്ങളിലെയും ചില മാന്യന്മാർ ആവശ്യപ്പെട്ടതനുസരിച്ചു 1928-ൽ തിരൂരിൽ വെച്ചുനടന്നു. മദിരാശിക്കാരനായ ഡോക്ടർ അബ്ദുൽഹഖ് ആയിരുന്നു അധ്യക്ഷൻ. ഖാൻ ബഹദൂർ ആറ്റക്കോയ പ്രസിഡന്റായി ഒരു സ്വാഗതസംഘം രൂപീകരിക്കുകയും കരിമ്പനക്കാരുടെ വക അങ്ങാടിയിലുള്ള കടയുടെ മുകളിൽ ഓഫീസ് തുറന്നു പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പി.എം.സിക്കന്തർ ഹാജിയും ഇ.കെ.മൗലവിയുമായിരുന്നു അവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നത്.

ആദ്യം അലട്ടൊന്നുമുണ്ടായിരുന്നില്ലെങ്കിലും സമ്മേളനം അടുത്തതോടെ എതിർ പ്രചാരവേലക്കാർ പൊന്നാനിയിൽനിന്നും മറ്റും വന്നുചേർന്നു പ്രവർത്തിച്ചുതുടങ്ങി. തിരൂരിൽ നിന്നു തന്നെയും കുറെയാളുകളെ അവർക്കു സഹായത്തിനു കിട്ടി. കൊടുങ്ങല്ലൂരിൽനിന്ന് ചില കുസൃതികൾ വന്ന് ഐക്യസംഘത്തിനെതിരായി കവല പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇവരുടെയെല്ലാം സംഘടിത ശ്രമങ്ങൾ സമ്മേളനപ്രവർത്തകരെ കുറച്ചൊന്നുമല്ല ശല്യപ്പെടുത്തിയത്. അവർക്ക് പുറത്തിറങ്ങി സ്വൈര്യമായി നടക്കാൻ പോലും വയ്യെന്ന നിലവന്നു. എവിടെ നിന്നെല്ലാമോ കല്ലേറുകൾ വന്നു അവരുടെ ദേഹങ്ങളിൽ വീണുതുടങ്ങി. പോലീസിൽ പരാതിപ്പെട്ടുനോക്കി. ഫലമുണ്ടായില്ല. തിരൂരിൽ കയനിക്കരക്കാർ മാത്രമേ അവരെ സഹായിക്കാനുണ്ടായിരുന്നുള്ളു. സമ്മേളനത്തിന്റെ തലേദിവസം മദിരാശിയിൽനിന്ന് അധ്യക്ഷൻ മെയിലിന്ന് വന്നിറങ്ങി. അദ്ദേഹത്തെ ടി.ബി.യിലെത്തിക്കാൻ സമ്മേളന ഭാരവാഹികൾക്ക് ഒരു വാഹനവും കിട്ടിയില്ല. അവർ സ്റ്റേഷനിൽ ചെന്നു സ്ഥിതിഗതികളും അവരുടെ നിസ്സഹായാവസ്ഥയും അധ്യക്ഷനെ ധരിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു: "ആവട്ടെ, നല്ല കാര്യത്തിനിറങ്ങിയാൽ ഇങ്ങനെയൊക്കെ സംഭവിക്കും. അതിൽ നിരാശപ്പെടാൻ പാടില്ല... നമുക്കു നടക്കാം." കാൽനടയായി അധ്യക്ഷനും അവരും ടി.ബി.യിലെത്തി.

രാത്രിവണ്ടിക്ക് മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയും സീതി സ്വാഹിബും വരുന്നുണ്ടെന്ന് വിവരം കിട്ടിയതിനെത്തുടർന്ന് സമ്മേളനഭാരവാഹികളിൽ ചിലർ റെയിൽവെസ്റ്റേഷനിൽ പോയി പ്ലാറ്റ്ഫോമിൽ കാത്തുനിന്നു. കോഴിക്കോട്ടേക്ക് രണ്ടു ടിക്കറ്റ് വാങ്ങി അവർ കൈയിൽ വെച്ചിരുന്നു. മണപ്പാടനും സീതിസ്വാഹിബും എത്തിയപ്പോൾ അവർ ഇരുവരെയും സ്ഥിതിഗതികൾ ധരിപ്പിക്കുകയും നേരെ കോഴിക്കോട്ട് പോയി പോലീസ് സൂപ്രണ്ടിനെ കാര്യം ധരിപ്പിച്ചു പരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഇരുവരും നേരെ കോഴിക്കോട്ടേക്ക് വണ്ടി കയറി. സൂപ്രണ്ട് മഞ്ചേരിക്ക് പോയിരുന്നു. ഉടനെ ഇരുവരും ടാക്സിയിൽ മഞ്ചേരിക്കു പുറപ്പെട്ടു. സൂപ്രണ്ട്, മണപ്പാടന്റെ ഒരു സുഹൃത്തായിരുന്നു. തിരൂരിലെ സബ് ഇൻസ്പെക്ടർ സൂപ്രണ്ടിന്റെ മരുമകനു(പെങ്ങളുടെ മകൻ)മായിരുന്നു. ഇരുവരും സൂപ്രണ്ടിനെ കണ്ടു കാര്യം ധരിപ്പിച്ചു. അപ്പോൾതന്നെ അദ്ദേഹം സബ്ഇൻസ്പെക്ടർക്ക് ചൂടുള്ള ഒരു കത്ത് കൊടുക്കുകയും സമ്മേളനത്തിന് വന്നുചേരാമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. കത്തുമായി കാറിൽതന്നെ അവർ തിരൂരിലെത്തി. സിക്കന്തർ ഹാജി ആ കത്ത് സബ്ഇൻസ്പെക്ടർക്ക് കൊണ്ടുപോയികൊടുത്തു.അതു വായിച്ചപ്പോൾ അയാൾ വിറച്ചു തുടങ്ങി. 'നിങ്ങളെന്തിനാണ് അമ്മാവനെ സമീപിച്ചത്? ഞാൻ തന്നെ കാര്യങ്ങളെല്ലാം ശരിപ്പെടുത്തിത്തരുമായിരുന്നല്ലോ' എന്ന് ഇൻസ്പെക്ടർ പറഞ്ഞു. 'നിങ്ങളുടെ ശരിപ്പെടുത്തൽ ഞങ്ങൾ കണ്ടു' എന്ന് മാത്രം മറുപടി നൽകി സിക്കന്തർ ഹാജി തിരിച്ചുപോന്നു.

അധികം കഴിഞ്ഞില്ല. പോലീസുകാർ റോന്തുചുറ്റുന്നതും കവലക

ളിലെല്ലാം കാവൽ നില്ക്കുന്നതും കാണാൻ കഴിഞ്ഞു. അതുവരെ കേട്ടുകൊണ്ടിരുന്ന അപശബ്ദങ്ങളൊന്നും പിന്നെ കേൾക്കുകയുണ്ടായില്ല. അങ്ങാടിയും പരിസരവും ശാന്തമായി. പത്ത് മണിക്കു മുമ്പുതന്നെ തിരുവനന്തപുരം മുതൽ കൊടുങ്ങല്ലൂർവരെയുള്ള ഐക്യസംഘം പ്രവർത്തകർ സ്ഥലത്തെത്തി. വക്കം അബ്ദുൽഖാദിർ മൗലവിയും അക്കൂട്ടത്തിലുണ്ടായിരുന്നു. വടക്കുനിന്നുള്ള വണ്ടികൂടി എത്തിയതോടെ തിരൂരിന്റെ മുഖച്ഛായതന്നെ മാറി. പറവണ്ണ, താനൂർ, എടവണ്ണ, മഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിൽനിന്നു വന്ന യോഗംകലക്കികളെല്ലാം ഇതോടെ അപ്രത്യക്ഷരായി. കൃത്യം പത്ത് മണിക്കുതന്നെ സമ്മേളനം ആരംഭിച്ചിരുന്നു. അധ്യക്ഷന്റെ അറബിപ്രസംഗവും അതിന്റെ പരിഭാഷയും അച്ചടിച്ചു സമ്മേളനത്തിൽ വിതരണം ചെയ്തിരുന്നു. സമ്മേളനത്തിൽ വെച്ച് ചന്ദനക്കുടം, കൊടികുത്ത് മുതലായ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അധിക്ഷേപിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും പ്രമേയങ്ങളും ജനങ്ങൾ ചെവികൂർപ്പിച്ചു ശ്രദ്ധിച്ചു. ആർക്കും ഒരുവിധത്തിലുള്ള എതിർപ്പുമുണ്ടായില്ല. സീതിസ്വാഹിബിന്റെയും മണപ്പാടന്റെയും പ്രസംഗങ്ങൾ കേട്ടത് മതിയായില്ലെന്നായിരുന്നു സദസ്സ്യരുടെ ആവലാതി. സീതിസ്വാഹിബിന്റെ പ്രസംഗത്തിന്റെ ഒരു ഭാഗം ഇങ്ങനെയായിരുന്നു: "ഇന്ന് ഇവിടെ തടിച്ചുകൂടിയിട്ടുള്ള എന്റെ സഹോദരന്മാരിൽ വല്ലവരും ഞങ്ങളെയും ഞങ്ങളുടെ പ്രസ്ഥാനത്തെയും എതിർക്കുന്നുണ്ടെങ്കിൽ അതു അവർക്ക് കാര്യം മനസ്സിലാകാത്തതുകൊണ്ടാണ്. അതിൽ അവർ കുറ്റക്കാരല്ല. കാലക്രമേണ അവർക്ക് കാര്യം മനസ്സിലായിക്കൊള്ളും. അങ്ങനെ അവർ നമ്മുടെ പ്രസ്ഥാനത്തിന്റെ അനുകൂലികളും സഹായികളുമായിത്തീരും. അവർ ഞങ്ങളെ തെരഞ്ഞുപിടിച്ചു പ്രസംഗിപ്പിക്കും." സീതി സ്വാഹിബിന്റെ ഈ വാക്കുകൾ അക്ഷരംപ്രതി അന്വർഥമായിരിക്കുന്നുവെന്ന് ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. അദ്ദേഹത്തിന്റെ നിത്യനൂതനമായ സ്മാരകം തിരൂരിലാണല്ലോ നിലകൊള്ളുന്നത്.[43]

മടക്കയാത്രയിൽ അധ്യക്ഷനെ റെയിൽവെസ്റ്റേഷനിലേക്കു കൊണ്ടുപോകാൻ കാറുമായി നാട്ടുകാരും പോലീസുകാരുമൊക്കെ വന്നു, ഒരു തീവ്രശ്രമം തന്നെ നടത്തിനോക്കി. അദ്ദേഹം കൂട്ടാക്കിയില്ല. ടി.ബിയിൽനിന്നു നടന്നാണ് അദ്ദേഹം സ്റ്റേഷനിലെത്തിയത്. ഈ സമ്മേളനത്തിൽ കെ.പി.എ. മുഹിയുദ്ദീൻ കുട്ടി മൗലവി പറവണ്ണയും പങ്കെടുത്തിരുന്നു. മാത്രമല്ല, വിഷയ നിർണയക്കമ്മിറ്റി കൂടിയ അവസരത്തിൽ ഒരാൾ വന്നു അദ്ദേഹത്തിന്റെ ഒരു ചെറിയ കുട്ടി മരിച്ചുവെന്ന വിവരം അറിയിച്ചു. 'ഇപ്പോൾ ഞാൻ വന്നതുകൊണ്ട് മരിച്ച കുട്ടി ജീവിക്കുകയില്ലല്ലോ. കുട്ടിയെ നിങ്ങൾതന്നെ ഖബറടക്കുക. ഞാനിപ്പോൾ അതിലും വലിയ കാര്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്' എന്നു പറഞ്ഞു അദ്ദേഹം അയാളെ തിരിച്ചയച്ചു.[44] പിന്നീട് പറവണ്ണയുടെ സ്ഥിതി എന്തായിരുന്നുവെന്ന് പരക്കെ അറിവുള്ളതാണ്. തൽക്കാലം ഉണ്ടായിരുന്ന പണത്തിന്റെ തിടുക്കം തീർന്നപ്പോൾ അദ്ദേഹത്തിന്റെ സ്ഥിതിക്കും മാറ്റം വന്നു."[45]

സമ്മേളനത്തിൽ അധ്യക്ഷനായ ഡോ. അബ്ദുൽഹഖ്, വിദ്യാഭ്യാസ മേഖലകളിലും തൊഴിൽ മേഖലകളിലുമുള്ള മുസ്‌ലിം സമുദായത്തിന്റെ പിന്നാക്കാവസ്ഥ വിശകലനംചെയ്തു നടത്തിയ സംസാരം ശ്രദ്ധേയമായിരുന്നു.

*അവലംബം:*

40. *ഈ പണ്ഡിതന്റെ പേര് കണ്ണൂർ സമ്മേളനം സംഘടിപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിച്ച ഇ.കെ. മൗലവിക്കു നന്നായി അറിയും. എന്നാൽ അൽഇത്തിഹാദ് മാസികയിൽ അഞ്ചാം വാർഷിക സമ്മേളനത്തിന്റെ ചരിത്രമെഴുതിയപ്പോൾ 'ഈ പണ്ഡിതന്റെ പേര് പുറത്ത് പറയുന്നില്ല' എന്നാണ് ഇ.കെ.മൗലവി എഴുതിയത്.*
41. *ഐക്യസംഘവും കേരള മുസ്‌ലിംകളും, എൻ.കെ. അഹ്മദ് മൗലവി, യുവത ബുക്ക് ഹൗസ്, പേജ് 43.*
42. *കേരള മുസ്‌ലിം ഐക്യ സംഘം-ഇ.കെ.മൗലവിയുടെ ലേഖനങ്ങളുടെ സമാഹാരം, സമാഹരണം: അബ്ദുറഹ്മാൻ മങ്ങാട്, യുവത ബുക്ക് ഹൗസ്, പേജ് 36,37.*
43. *സീതി സാഹിബ് മെമ്മോറിയൽ പോളി ടെക്ക്നിക്ക്.*
44. *ഐക്യസംഘവും കേരള മുസ്‌ലിംകളും, എൻ.കെ. അഹ്മദ് മൗലവി, യുവത ബുക്ക് ഹൗസ്, പേജ് 43,44,45,46.*
45. *കേരള മുസ്‌ലിം ഐക്യസംഘം-ഇ.കെ.മൗലവിയുടെ ലേഖനങ്ങളുടെ സമാഹാരം, സമാഹരണം: അബ്ദുറഹ്മാൻ മങ്ങാട്, യുവത ബുക്ക് ഹൗസ്, പേജ് 45.*

# സൂറ: യാസീൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം 36

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَاضْرِبْ لَهُم مَّثَلًا أَصْحَابَ الْقَرْيَةِ إِذْ
جَاءَهَا الْمُرْسَلُونَ ﴿١٣﴾ إِذْ أَرْسَلْنَا إِلَيْهِمُ
اثْنَيْنِ فَكَذَّبُوهُمَا فَعَزَّزْنَا بِثَالِثٍ
فَقَالُوا إِنَّا إِلَيْكُم مُّرْسَلُونَ ﴿١٤﴾
قَالُوا مَا أَنتُمْ إِلَّا بَشَرٌ مِّثْلُنَا وَمَا
أَنزَلَ الرَّحْمَٰنُ مِن شَيْءٍ إِنْ أَنتُمْ إِلَّا
تَكْذِبُونَ ﴿١٥﴾ قَالُوا رَبُّنَا يَعْلَمُ إِنَّا
إِلَيْكُمْ لَمُرْسَلُونَ ﴿١٦﴾ وَمَا عَلَيْنَا إِلَّا
الْبَلَاغُ الْمُبِينُ ﴿١٧﴾ قَالُوا إِنَّا تَطَيَّرْنَا
بِكُمْ ۖ لَئِن لَّمْ تَنتَهُوا لَنَرْجُمَنَّكُمْ
وَلَيَمَسَّنَّكُم مِّنَّا عَذَابٌ أَلِيمٌ ﴿١٨﴾
قَالُوا طَائِرُكُم مَّعَكُمْ ۚ أَئِن ذُكِّرْتُم ۚ
بَلْ أَنتُمْ قَوْمٌ مُّسْرِفُونَ ﴿١٩﴾ وَجَاءَ مِنْ
أَقْصَى الْمَدِينَةِ رَجُلٌ يَسْعَىٰ قَالَ يَا
قَوْمِ اتَّبِعُوا الْمُرْسَلِينَ ﴿٢٠﴾ اتَّبِعُوا مَن
لَّا يَسْأَلُكُمْ أَجْرًا وَهُم مُّهْتَدُونَ ﴿٢١﴾
وَمَا لِيَ لَا أَعْبُدُ الَّذِي فَطَرَنِي وَإِلَيْهِ
تُرْجَعُونَ ﴿٢٢﴾ أَأَتَّخِذُ مِن دُونِهِ آلِهَةً
إِن يُرِدْنِ الرَّحْمَٰنُ بِضُرٍّ لَّا تُغْنِ عَنِّي
شَفَاعَتُهُمْ شَيْئًا وَلَا يُنقِذُونِ ﴿٢٣﴾ إِنِّي
إِذًا لَّفِي ضَلَالٍ مُّبِينٍ ﴿٢٤﴾ إِنِّي آمَنتُ
بِرَبِّكُمْ فَاسْمَعُونِ ﴿٢٥﴾

13. ആ രാജ്യക്കാരെ ഒരു ഉദാഹരണമെന്ന നിലയ്ക്ക് നീ അവർക്ക് പറഞ്ഞു കൊടുക്കുക. ദൈവദൂതൻമാർ അവിടെ ചെന്ന സന്ദർഭം.

14. അവരിലേക്ക് രണ്ടുപേരെ നാം ദൂതൻമാരായി അയച്ചപ്പോൾ അവരെ അവർ നിഷേധിച്ചുതള്ളി. അപ്പോൾ ഒരു മൂന്നാമനെക്കൊണ്ട് നാം അവർക്ക് പിൻബലം നൽകി. എന്നിട്ടവർ പറഞ്ഞു: 'തീർച്ചയായും ഞങ്ങൾ നിങ്ങളുടെ അടുത്തേക്ക് നിയോഗിക്കപ്പെട്ടവരാകുന്നു.'

15. അവർ (ജനങ്ങൾ) പറഞ്ഞു: 'നിങ്ങൾ ഞങ്ങളെ പോലെയുള്ള മനുഷ്യർ മാത്രമാകുന്നു. പരമകാരുണികൻ യാതൊന്നും അവതരിപ്പിച്ചിട്ടില്ല. നിങ്ങൾ കളവ് പറയുക തന്നെയാണ്.'

16. അവർ (ദൂതൻമാർ) പറഞ്ഞു: 'ഞങ്ങളുടെ രക്ഷിതാവിനറിയാം; തീർച്ചയായും ഞങ്ങൾ നിങ്ങളുടെ അടുക്കലേക്ക് നിയോഗിക്കപ്പെട്ടവർ തന്നെയാണെന്ന്.

17. വ്യക്തമായ പ്രബോധനമല്ലാതെ ഞങ്ങൾക്ക് യാതൊരു ബാധ്യതയുമില്ല.'

18. അവർ (ജനങ്ങൾ) പറഞ്ഞു: 'തീർച്ചയായും ഞങ്ങൾ നിങ്ങളെ ഒരു ദുശ്ശകുനമായി കരുതുന്നു. നിങ്ങൾ (ഇതിൽനിന്ന്) വിരമിക്കാത്തപക്ഷം നിങ്ങളെ ഞങ്ങൾ എറിഞ്ഞോടിക്കുകതന്നെ ചെയ്യും. ഞങ്ങളിൽനിന്ന് വേദനിപ്പിക്കുന്ന ശിക്ഷ നിങ്ങളെ സ്പർശിക്കുകതന്നെ ചെയ്യും.'

19. അവർ (ദൂതൻമാർ) പറഞ്ഞു: 'നിങ്ങളുടെ ശകുനപ്പിഴ നിങ്ങളുടെ കൂടെയുള്ളത് തന്നെയാകുന്നു. നിങ്ങൾക്ക് ഉൽബോധനം നൽകപ്പെട്ടാൽ ഇതാണോ (നിങ്ങളുടെ നിലപാട്?) എന്നാൽ നിങ്ങൾ ഒരു അതിരുകവിഞ്ഞ ജനത തന്നെയാകുന്നു.'

20. പട്ടണത്തിന്റെ അങ്ങേയറ്റത്തുനിന്ന് ഒരാൾ ഓടിവന്ന് പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ ദൂതൻമാരെ പിന്തുടരുവിൻ.

21. നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കാത്തവരും സൻമാർഗം പ്രാപിച്ചവരും ആയിട്ടുള്ളവരെ നിങ്ങൾ പിന്തുടരുക.

22. ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തുന്യായം?

23. അവനു പുറമെ വല്ല ദൈവങ്ങളേയും ഞാൻ സ്വീകരിക്കുകയോ? പരമകാരുണികൻ എനിക്ക് വല്ല ദോഷവും വരുത്താൻ ഉദ്ദേശിക്കുന്നപക്ഷം അവരുടെ ശുപാർശ എനിക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല. അവർ എന്നെ രക്ഷപ്പെടുത്തുകയുമില്ല.

24. അങ്ങനെ ചെയ്യുന്നപക്ഷം തീർച്ചയായും ഞാൻ വ്യക്തമായ ദുർമാർഗത്തിലായിരിക്കും.

25. തീർച്ചയായും ഞാൻ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ എന്റെ വാക്ക് കേൾക്കുക.'

(13). (നിഷേധിക്കുകയും താങ്കളുടെ പ്രബോധനത്തെ നിരാകരിക്കുകയും ചെയ്യുന്നവർക്ക് ഒരു ഉദാഹരണം പറഞ്ഞുകൊടുക്കൂ) അല്ലാഹു അവർക്ക് നന്മ ഉദ്ദേശിക്കുന്നുവെങ്കിൽ അവർക്കതിൽനിന്ന് ഗുണപാഠം ഉൾക്കൊള്ളാനും സദുപദേശം സ്വീകരിക്കാനുമായേക്കാം. ആ ഉദാഹരണം ഒരു ഗ്രാമക്കാർ, അവർ അവരിലേക്കു വന്ന പ്രവാചകന്മാരെ നിഷേധിച്ചപ്പോൾ അവർക്ക് വന്ന ശിക്ഷയെക്കുറിച്ചാണ്. ആ ഗ്രാമം ഏതാണെന്ന് പറയുന്നതിൽ വല്ല പ്രയോജനവും ഉണ്ടായിരുന്നെങ്കിൽ അത് നിർണയിച്ചു പറയുമായിരുന്നു. അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നത് സമയം നഷ്ടപ്പെടുത്തലാണ്. അറിവില്ലാതെ സംസാരിക്കലും അനാവശ്യമാണ്. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ഊഹങ്ങളും ആശയക്കുഴപ്പങ്ങളും പരസ്പര വിരുദ്ധമായ കാര്യങ്ങളും പറയുന്നത് കാണാം. അവർക്ക് ഒരു കാര്യവും ഉറപ്പിച്ചുപറയാനാവില്ല. ഇത്തരം ചർച്ചകൾ വരുമ്പോൾ അതിൽ നിന്ന് വിട്ടുനിൽക്കുകയും യാഥാർഥ്യങ്ങൾക്കൊപ്പം നിലകൊള്ളുകയും വേണം. അടിസ്ഥാനമോ തെളിവോ ഇല്ലാത്ത അനാവശ്യ ആശയങ്ങളും കാഴ്ചപ്പാടുകളും പറയുന്നതിലൂടെ അറിവ് വർധിക്കുമെന്ന് കരുതുന്നവരുണ്ട്. എന്നാൽ അതുകൊണ്ടുള്ള പ്രയോജനം മനസ്സിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാവുക, കാര്യങ്ങളിൽ സംശയമുണ്ടാക്കുക എന്നതു മാത്രമാണ്. ഇവിടെ അഭിസംബോധന ചെയ്യപ്പെടുന്നവർക്ക്-ക്വുറൈശികൾക്ക്-ഈ സംഭവത്തെ ഒരു ഉദാഹരണമാക്കുകയാണ്.

(ദൈവദൂതന്മാർ അവിടെ ചെന്ന സന്ദർഭം) അല്ലാഹുവിനെ മാത്രം ആരാധിക്കാനും ആരാധനകൾ അവനിൽ മാത്രം അർപ്പിക്കാനും അവനോട് പങ്കുചേർക്കുന്നതിനെയും പാപങ്ങളെയും വിലക്കാനും.

(14). (അവരിലേക്ക് രണ്ടുപേരെ നാം ദൂതന്മാരായി അയച്ചപ്പോൾ അവരെ അവർ നിഷേധിച്ചുതള്ളി. അപ്പോൾ ഒരു മൂന്നാമനെക്കൊണ്ട് നാം അവർക്ക് പിൻബലം നൽകി) അങ്ങനെ അവർ മൂന്ന് ദൂതന്മാരായി. അല്ലാഹു ആ ഗ്രാമക്കാരോടുള്ള കരുണ കാണിക്കുന്നതിന്റെ അടയാളമായും റസൂലുകളുടെ വരവിലൂടെ വ്യക്തമായ തെളിവ് സ്ഥാപിക്കുന്നതിനും വേണ്ടിയാണ്. (എന്നിട്ടവർ പറഞ്ഞു:) ജനങ്ങളോട്. (തീർച്ചയായും ഞങ്ങൾ നിങ്ങളുടെ അടുത്തേക്ക് നിയോഗിക്കപ്പെട്ടവർ തന്നെയാണ്).

(15). പ്രവാചകന്മാർ പ്രബോധനം നടത്തുമ്പോഴെല്ലാം ജനങ്ങൾ പ്രതികരിച്ചത് പോലെത്തന്നെയാണ് ഇവരും പ്രതികരിച്ചത് (അവർ-ജനങ്ങൾ-പറഞ്ഞു: നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യർ മാത്രമാകുന്നു) അതായത്, നിങ്ങൾക്ക് ഞങ്ങളെക്കാളുള്ള ശ്രേഷ്ഠത എന്താണ്? പ്രവാചകൻമാർ തങ്ങളുടെ ജനങ്ങളോട് പറഞ്ഞു:

إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ وَلَٰكِنَّ ٱللَّهَ يَمُنُّ
عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ ۖ

“അവരോട് അവരിലേക്കുള്ള ദൂതന്മാർ പറഞ്ഞു: ഞങ്ങൾ നിങ്ങളെപ്പോലുള്ള മനുഷ്യർ തന്നെയാണ്. എങ്കിലും അല്ലാഹു തന്നെ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അനുഗ്രഹമേകുന്നു”(14:11).

(പരമകാരുണികൻ യാതൊന്നും അവതരിപ്പിച്ചിട്ടില്ല) അതായത്, ദൈവികസന്ദേശത്തെതന്നെ അവർ നിഷേധിച്ചു. അവരോട് സംസാരിച്ചവരെത്തന്നെ നിരസിച്ചുകൊണ്ട് അവർ പറഞ്ഞു: (നിങ്ങൾ കളവ് പറയുകതന്നെയാണ്).

(16) ഈ മൂന്ന് ദൂതന്മാരും പറഞ്ഞു: (ഞങ്ങളുടെ രക്ഷിതാവിന്നറിയാം, തീർച്ചയായും ഞങ്ങൾ നിങ്ങളുടെ അടുക്കലേക്ക് നിയോഗിക്കപ്പെട്ടവർ തന്നെയാണ്). ഞങ്ങൾ കള്ളം പറയുകയായിരുന്നെങ്കിൽ അല്ലാഹു ഞങ്ങൾക്ക് അപമാനം വരുത്തുകയും ശിക്ഷ വേഗത്തിൽ ആക്കുകയും ചെയ്യുമായിരുന്നു.

(17). (വ്യക്തമായ പ്രബോധനമല്ലാതെ ഞങ്ങൾക്ക് യാതൊരു ബാധ്യതയുമില്ല) വിശദീകരിക്കേണ്ട കാര്യങ്ങൾ ശരിയായി വിശദീകരിക്കുക എന്നതാണ് വ്യക്തമായ പ്രബോധനം. അതല്ലാതെ നിങ്ങൾ ആവശ്യപ്പെടുന്ന ശിക്ഷയോ അടയാളങ്ങളോ നൽകൽ ഞങ്ങൾക്ക് ബാധ്യതയില്ല. വ്യക്തമായ പ്രബോധനമാണ് ഞങ്ങളുടെ ജോലി. അത് ഞങ്ങൾ നിർവഹിക്കും. നിങ്ങൾക്കത് വിശദീകരിച്ച് തന്നു. നിങ്ങൾ നേർവഴിയിൽ ആയാൽ അത് നിങ്ങളുടെ ഭാഗ്യമാണ്. നിങ്ങൾ വഴിതെറ്റിയാലോ അതിൽ ഞങ്ങൾക്കൊരു ബന്ധവുമില്ല.

(18). ആ ഗ്രാമത്തിലെ ജനങ്ങൾ തങ്ങളുടെ ദൂതന്മാരോട് പറഞ്ഞു: (ഞങ്ങൾ നിങ്ങളെ ഒരു ദുശ്ശകുനമായി കരുതുന്നു) അതായത്, നിങ്ങൾ ഞങ്ങളിലേക്ക് വന്നതും ഞങ്ങളെ ബന്ധപ്പെട്ടതും ദോഷമായി മാത്രമാണ് ഞങ്ങൾ കാണുന്നത്. ഇവരുടെ കാര്യം വിചിത്രമാണ്. അല്ലാഹു തന്റെ അടിമകൾക്ക് നൽകുന്ന ഏറ്റവും വലിയ അനുഗ്രഹവും മഹത്തായ ആദരവും കൊണ്ടുവന്നവർ, അതാവട്ടെ അവർക്ക് ഏറ്റവും അത്യാവശ്യമുള്ളതും. എന്നിട്ട് അതിനെ ഏറ്റവും വലിയ തിന്മയായി കണക്കാക്കുന്നു. അതിനക്കാളെല്ലാം വഷളായ കാര്യം അവരതിനെ ദുശ്ശകുനമായി കാണുകയും ചെയ്തു എന്നതാണ്. ഇത് പരാജയവും നിർഭാഗ്യവുമാണ്. ഒരാൾക്ക് ശത്രു വരുന്നതിനെക്കാൾ ഏറ്റവും വലിയ ഉപദ്രവം അയാൾ സ്വയം വരുത്തുന്നു.

പിന്നീട് അവർ പ്രവാചകരെ ഭീഷണിപ്പെടുത്തുന്നു: (നിങ്ങൾ വിരമിക്കാത്തപക്ഷം ഞങ്ങൾ നിങ്ങളെ എറിഞ്ഞോടിക്കുക തന്നെ ചെയ്യും) അതായത്, ഞങ്ങൾ നിങ്ങളെ കല്ലെറിഞ്ഞ് കൊല്ലും. അത് ഏറ്റവും നികൃഷ്ടമായ കൊലപാതകമാണ്. (ഞങ്ങളിൽനിന്ന് വേദനിപ്പിക്കുന്ന ശിക്ഷ നിങ്ങളെ സ്പർശിക്കുക തന്നെ ചെയ്യും).

(19). പ്രവാചകന്മാർ അവരോട് പറഞ്ഞു: (നിങ്ങളുടെ ശകുനപ്പിഴ നിങ്ങളുടെകൂടെയുള്ളത് തന്നെയാകുന്നു) അവർക്കുണ്ടായിരുന്ന ബഹുദൈവവിശ്വാസവും തിന്മയും അവരെ ദുരന്തങ്ങളിലേക്കും ശിക്ഷകളിലേക്കും നയിക്കുകയും അനുഗ്രഹങ്ങൾ അവരിൽനിന്ന് എടുക്കപ്പെടാൻ കാരണമാവുകയും ചെയ്യും. (നിങ്ങൾക്ക് ഉൽബോധനം നൽകപ്പെട്ടാൽ) നിങ്ങൾക്ക് ഭാഗ്യവും നന്മയും വരുത്തുന്ന കാര്യങ്ങൾ ഞങ്ങൾ നിങ്ങളെ ഉൽബോധിപ്പിച്ചതുകൊണ്ടാണോ നിങ്ങൾ ഞങ്ങളോട് ഇതെല്ലാം പറഞ്ഞത്? (നിങ്ങൾ ഒരു അതിരുകവിഞ്ഞ ജനത തന്നെയാകുന്നു) നിങ്ങൾ പറയുന്നതിൽ അതിരുവിട്ടുപോകുന്നു. അവരുടെ ക്ഷണം അവർക്ക് അഹങ്കാരവും വെറുപ്പുമല്ലാതെ മറ്റൊന്നും വർധിപ്പിച്ചില്ല

(20) തന്റെ ആളുകൾ ദൂതന്മാരോട് പ്രതികരിച്ചത് കേട്ടപ്പോൾ അവരെ ഉപദേശിക്കാൻ ആഗ്രഹിച്ചുകൊണ്ട് (പട്ടണത്തിന്റെ അങ്ങേയറ്റത്ത് നിന്ന് ഒരാൾ ഓടിവന്നു). തന്റെ ജനത പ്രവാചകന്മാരോട് പറഞ്ഞ മറുപടി മനസ്സിലാക്കി അദ്ദേഹം അവരോട് പറഞ്ഞു: (എന്റെ ജനങ്ങളേ, നിങ്ങൾ ആ ദൂതന്മാരെ പിന്തുടരുവിൻ) അവരെ പിന്തുടരാൻ അവരോട് കൽപിച്ചു. അവർ സത്യാവാന്മാരാണെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തി.

(21). താൻ സാക്ഷ്യം വഹിച്ചതും ക്ഷണിച്ചതുമായ കാര്യത്തെ ശക്തിപ്പെടുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു: (നിങ്ങളോട് യാതൊരു പ്രിതഫലവും ചോദിക്കാത്തവരെ നിങ്ങൾ പിൻപറ്റുക) നിങ്ങൾക്ക് നന്മ ലഭിക്കുന്ന കാര്യങ്ങൾ നിങ്ങളെ ഉപദേശിക്കുന്നവരെ നിങ്ങൾ പിൻപറ്റുക. നിങ്ങളുടെ സമ്പത്തോ ഉപദേശനിർദേശങ്ങൾക്ക് പ്രതിഫലമോ അവർ ഉദ്ദേശിച്ചില്ല. ഈ ഗുണങ്ങളുള്ളവരെ പിൻപറ്റേണ്ടതുണ്ട്. പ്രതിഫലം സ്വീകരിക്കുന്നില്ല എന്നതുകൊണ്ട് മാത്രം സത്യങ്ങളിലായിരിക്കണമെന്നില്ല. അടുത്ത വചനം ആ വാദത്തെ തള്ളുന്നു: (അവർ സന്മാർഗം പ്രാപിച്ചവരാണ്) ശരിയായ ബുദ്ധി സാക്ഷ്യം വഹിക്കുന്ന നന്മയിലേക്കാണ് അവർ ക്ഷണിക്കുന്നത്. ശരിയായ ബുദ്ധി തെറ്റായി കാണാത്തതിനെ അവർ വിരോധിക്കുന്നുമില്ല.

(22-25). അദ്ദേഹത്തിന്റെ ഉപദേശം അവർ സ്വീകരിച്ചില്ല. അല്ലാഹുവിനെ മാത്രം ആരാധിച്ചതിനും പ്രവാചകന്മാരെ പിൻപറ്റിയതിനും അവർ അദ്ദേഹത്തെ ആക്ഷേപിക്കുകയും ശത്രുത കാണിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: (ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, ഏതൊരുവനിലേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്താണ് ന്യായം?) ആരാധനക്ക് യഥാർഥത്തിൽ അർഹനായവനെ ആരാധിക്കാതിരിക്കാൻ എനിക്കെന്ത് ന്യായം? കാരണം, അവനാണ് എന്നെ സൃഷ്ടിച്ചത്, എനിക്ക് ഉപജീവനം നൽകിയത്. അവനിലേക്കാണ് എല്ലാ സൃഷ്ടികളുടെയും മടക്കം. അപ്പോൾ അവൻ അവർക്ക് പ്രതിഫലം നൽകും. ആരുടെ കയ്യിലാണോ സൃഷ്ടിപ്പിന്റെയും ഉപജീവനം നൽകുന്നതിന്റെയും അധികാരം, ഇഹത്തിലും പരത്തിലും തന്റെ ദാസന്മാർക്കിടയിൽ വിധിക്കാനുള്ള അധികാരവും അവനുതന്നെയാണ്. ആരാധിക്കപ്പെടാൻ അർഹതയുള്ളവനും അവനാണ്. പുകഴ്ത്തപ്പെടാനും മഹത്ത്വപ്പെടുത്താനും അവകാശി അവൻ മാത്രമാണ്. അവനല്ലാതെ മറ്റാരും ഉപകാരത്തെയും ഉപദ്രവത്തെയും ഉടമപ്പെടുത്തുന്നില്ല. നൽകാനും തടയാനും മരിപ്പിക്കാനും ജീവിപ്പിക്കാനും ഉയിർത്തെഴുന്നേൽപിക്കാനും മറ്റാർക്കുമാവില്ല.

അതാണ് അല്ലാഹു പറഞ്ഞത്: (അവനുപുറമെ വല്ല ദൈവങ്ങളെയും ഞാൻ സ്വീകരിക്കുകയോ? പരമകാരുണികൻ എനിക്ക് വല്ല ദോഷവും വരുത്താൻ ഉദ്ദേശിക്കുന്നപക്ഷം അവരുടെ ശിപാർശ എനിക്കൊരു പ്രയോജനവും ചെയ്യുകയില്ല. അവർ എന്നെ രക്ഷപ്പെടുത്തുകയുമില്ല) അവന്റെ അനുമതിയില്ലാതെ അവന്റെയടുക്കൽ ഒരാളും ശിപാർശ ചെയ്യില്ല. അവരുടെ ശിപാർശ എനിക്കൊരു പ്രയോജനവും ചെയ്യില്ല. (അവർ എന്നെ രക്ഷപ്പെടുത്തുകയുമില്ല) അല്ലാഹു എനിക്ക് തരാൻ ഉദ്ദേശിക്കുന്ന ഉപദ്രവത്തിൽനിന്ന്. (അങ്ങനെ ചെയ്യുന്ന പക്ഷം) ഈ പറഞ്ഞതുപോലുള്ള ദൈവങ്ങളെ ഞാൻ ആരാധിച്ചാൽ. (തീർച്ചയായും ഞാൻ വ്യക്തമായ ദുർമാർഗത്തിലായിരിക്കും).

ഈ വാക്കുകളിൽ അദ്ദേഹത്തിന്റെ ഉപദേശവും ദൂതന്മാരുടെ പ്രവാചകത്വത്തെ സാക്ഷ്യപ്പെടുത്തലും അല്ലാഹുവിനെ മാത്രം ആരാധിക്കണം, മറ്റുള്ളവയെ ആരാധിക്കുന്നത് തെറ്റാണെന്നുമെല്ലാം ഉൾക്കൊള്ളിച്ചു. അതിനുള്ള തെളിവുകളും കൊണ്ടുവന്നു. കൊന്നുകളയുമെന്ന ഭയമുണ്ടായിട്ടുകൂടി തന്റെ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. (തീർച്ചയായും ഞാൻ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ എന്റെ വാക്ക് കേൾക്കുക). ■

വിവ. അബ്ദുൽ ജബ്ബാർ മദീനി



# വനിതകൾ അറിയാൻ

ഹയ്ദ് (ആർത്തവരക്തം), നിഫാസ് (പ്രസവരക്തം) എന്നിവ സ്ത്രീകളിലുണ്ടാകുന്ന ജൈവിക പ്രതിഭാസമാണ്. 'ഹയ്ദ്' എന്നതിന് ഭാഷാപരമായി 'പ്രവാഹം' എന്നാണർഥം. പ്രസവകാരണത്താലല്ലാതെ അരോഗാവസ്ഥയിൽ നിർണിത സമയങ്ങളിലായി സ്ത്രീയുടെ ഗർഭപാത്രത്തിനുള്ളിൽനിന്നു പുറപ്പെടുന്ന നൈസർഗിക രക്തമാണ് മതത്തിന്റെ സാങ്കേതിക ഭാഷ്യത്തിൽ ഹയ്ദ്. പ്രസവവേളയിൽ സ്ത്രീയിൽനിന്നു പുറപ്പെടുന്ന രക്തമാണ് നിഫാസ്.

### പ്രായപരിധി

പൊതുവിൽ ഒമ്പത് വയസ്സാകുന്നതിനു മുമ്പ് ആർത്തവമില്ല. അതിനു മുമ്പ് ഉണ്ടാകുന്നത് വളരെ അത്യപൂർവമാണ്. ആഇശ(റ)യിൽനിന്ന് നിവേദനം. അവർ പറഞ്ഞു: "പെൺകുട്ടിക്ക് ഒമ്പതു വയസ്സ് പ്രായമെത്തിയാൽ അവൾ സ്ത്രീയായി."

ശരിയായ അഭിപ്രായപ്രകാരം അമ്പതു വയസ്സിനുശേഷം മിക്കവാറും ആർത്തവമുണ്ടാവുകയില്ല. ആഇശ(റ)യിൽനിന്നു നിവേദനം: "ഒരു സ്ത്രീക്ക് അമ്പതു വയസ്സായാൽ ആർത്തവ പരിധിക്ക് അവൾ പുറത്തായി."



ആർത്തവം ഉണ്ടാകുന്ന ദിവസങ്ങളുടെ കുറഞ്ഞ കാലയളവിനും കൂടിയ കാലയളവിനും പരിധിയില്ല എന്നതാണ് ശരിയായ അഭിപ്രായം. നാട്ടുനടപ്പിലേക്കും പതിവു സമ്പ്രദായങ്ങളിലേക്കുമാണ് അതിൽ മടങ്ങേണ്ടത്. ആർത്തവത്തിന്റെ സാധാരണ കണക്ക് ആറ് അല്ലെങ്കിൽ ഏഴ് ദിവസങ്ങളാകുന്നു.

### കുറഞ്ഞ കാലയളവും കൂടിയ കാലയളവും

ആർത്തവം ഉണ്ടാകുന്ന ദിവസങ്ങളുടെ കുറഞ്ഞ കാലയളവിനും കൂടിയ കാലയളവിനും പരിധിയില്ല എന്നതാണ് ശരിയായ അഭിപ്രായം. നാട്ടുനടപ്പിലേക്കും പതിവു സമ്പ്രദായങ്ങളിലേക്കുമാണ് അതിൽ മടങ്ങേണ്ടത്. ആർത്തവത്തിന്റെ സാധാരണ കണക്ക് ആറ് അല്ലെങ്കിൽ ഏഴ് ദിവസങ്ങളാകുന്നു. ഹംന ബിൻത് ജഹ്ശി(റ)ൽനിന്നുള്ള ഹദീസിൽ തിരുനബി(സ്വ) അവരോട് പറഞ്ഞതായി ഇപ്രകാരമുണ്ട്:

"നിങ്ങൾ ആറോ അല്ലെങ്കിൽ ഏഴോ ദിവസങ്ങൾ ആർത്തവമായി കണക്കാക്കുക. പിന്നീട് നിങ്ങൾ കുളിക്കുകയും ഇരുപത്തിനാലോ ഇരുപത്തിമൂന്നോ ദിവസങ്ങൾ നമസ്കരിക്കുകയും ചെയ്യുക; ആർത്തവത്തിനും ശുദ്ധിക്കുമുള്ള സമയപരിധിയിൽ ആർത്തവമുണ്ടാവുകയും ശുദ്ധിയാവുകയും ചെയ്യുന്ന സ്ത്രീകൾ ചെയ്യുന്നത് പോലെ."

### നിഷിദ്ധമാകുന്ന കാര്യങ്ങൾ

ആർത്തവരക്തവും പ്രസവരക്തവും കാരണത്താൽ ഏതാനും കാര്യങ്ങൾ നിഷിദ്ധമാകും:

1. *സംഭോഗം:* അല്ലാഹു പറഞ്ഞു: "അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽനിന്ന് അകന്നു നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നതുവരെ അവരെ സമീപിക്കുവാൻ പാടില്ല" (ക്വുർആൻ 2:222).

   തിരുനബി(സ്വ) പറഞ്ഞു: "നിങ്ങൾക്ക് സംഭോഗമൊഴിച്ച് മറ്റെന്തും ചെയ്യാം."

2. *ത്വലാക്വ്:* അല്ലാഹു പറഞ്ഞു: "നിങ്ങൾ അവരുടെ ഇദ്ദ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുക" (ക്വുർആൻ 65:1) ഇബ്നുഉമർ(റ) തന്റെ ഭാര്യയെ അവരുടെ ആർത്തവകാലത്ത് ത്വലാക്വ് ചൊല്ലിയപ്പോൾ ഉമറി(റ)നോട് മകന്റെ വിഷയത്തിൽ തിരുനബി(സ്വ) പറഞ്ഞു: "ഭാര്യയെ തിരിച്ചുവിളിക്കുവാൻ മകനോട് കൽപിക്കുക."
3. *നമസ്കാരം:* ഫാത്വിമ ബിൻത് അബീഹുബയ്ശി(റ)നോട് തിരുനബി(സ്വ) പറഞ്ഞു: "ആർത്തവമായാൽ നിങ്ങൾ നമസ്കാരം ഉപേക്ഷിക്കുക."
4. *നോമ്പ്:* തിരുനബി(സ്വ) പറഞ്ഞു:"നിങ്ങളിലൊരുവൾക്ക് ആർത്തവമുണ്ടാകുമ്പോൾ അവൾ നോമ്പനുഷ്ഠിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നില്ലല്ലോ." അവർ പ്രതികരിച്ചു: "അതെ."

5. *ത്വവാഫ്:* ആഇശ(റ)ക്ക് ആർത്തവമായപ്പോൾ തിരുനബി (സ്വ) അവരോടു പറഞ്ഞു: "ഹാജി ചെയ്യുന്ന കർമങ്ങളെല്ലാം നിങ്ങളും ചെയ്യേണ്ടതാണ്; പക്ഷേ, ശുദ്ധിയാകുന്നതുവരെ കഅ്ബയെ ത്വവാഫ് ചെയ്യരുത്."
6. *ക്വുർആൻ പാരായണം:* സ്വഹാബികളിലെയും താബിഉകളിലെയും അവരുടെ ശേഷക്കാരിലെയും ധാരാളം പണ്ഡിതന്മാരുടെ അഭിപ്രായമാണിത്. എന്നാൽ, മറക്കാതിരിക്കുവാൻ മനഃപാഠമാക്കിയത് ഓതിനോക്കുക, മദ്റസകളിൽ കുട്ടികളെ പഠിപ്പിക്കുക, നിത്യമാക്കുന്ന വിർദുകൾ പാരായണം ചെയ്യുക തുടങ്ങിയുള്ള ആവശ്യങ്ങളുണ്ടായാൽ അവൾക്ക് പാരായണം അനുവദനീയമാണ്. പണ്ഡിതന്മാരിൽ ചിലർ അഭിപ്രായപ്പെട്ടതുപോലെ, ആവശ്യമില്ലെങ്കിൽ അവൾ ക്വുർആൻ പാരായണം ചെയ്യരുത്.
7. *മുസ്ഹഫ് സ്പർശിക്കുക:* അല്ലാഹു പറഞ്ഞു: "പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല" (ക്വുർആൻ 56:79).
8. *പള്ളിയിൽ പ്രവേശിക്കലും താമസിക്കലും:* തിരുനബി (സ്വ) പറഞ്ഞു: "വലിയ അശുദ്ധിക്കാർക്കും ആർത്തവകാരിക്കും പള്ളിയിൽ പ്രവേശനം ഞാൻ അനുവദിക്കുകയില്ല."

ആഇശ(റ) അവരുടെ അറയിലായിരിക്കെ തിരുമേനി(സ്വ) തന്റെ തല അവർക്കു കുനിച്ചുകാണിക്കുകയും ആർത്തവകാരിയായിരിക്കെത്തന്നെ അവർ തിരുമേനിയുടെ മുടി ചീകുകയും ചെയ്തിരുന്നു. തിരുമേനി പള്ളിയിൽ ഇഅ്തികാഫിൽ കഴിയുന്ന നാളുകളിലായിരുന്നു ഇത്. പള്ളി വൃത്തികേടാകുമെന്നു ഭയന്നാൽ പള്ളിയിലൂടെ വഴിനടക്കലും അവൾക്ക് ഹറാമാണ്. എന്നാൽ വൃത്തികേടാവില്ലെന്ന് ഉറപ്പുണ്ടായാൽ വഴിനടക്കുന്നത് നിഷിദ്ധമല്ല.

### ആർത്തവം അനിവാര്യമാക്കുന്ന കാര്യങ്ങൾ

1. *കുളി നിർബന്ധമാക്കും.* തിരുനബി(സ്വ) പറഞ്ഞു: "നിങ്ങൾക്ക് ആർത്തവമുണ്ടാകാറുള്ള നാളുകൾ നിങ്ങൾ നമസ്കാരം ഉപേക്ഷിക്കുക. ശേഷം നിങ്ങൾ കുളിക്കുകയും നമസ്കരിക്കുകയും ചെയ്യുക."
2. *പ്രായപൂർത്തി:* തിരുനബി(സ്വ) പറഞ്ഞു: "മുഖമക്കന അണിഞ്ഞുകൊണ്ട് നമസ്കരിച്ചാലല്ലാതെ ആർത്തവകാരിയായ (പ്രായപൂർത്തിയായ) ഒരു സ്ത്രീയുടെയും നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല." ആർത്തവമുണ്ടാകുന്നതോടുകൂടി അവൾക്ക് മറ തിരുനബി(സ്വ) നിർബന്ധമാക്കി. പ്രായപൂത്തിയാകുമ്പോൾ മാത്രം കരസ്ഥമാവുന്ന തക്‌ലീഫ് (വിധിവിലക്കുകൾ ബാധകമാകൽ) ആർത്തമുണ്ടാകുന്നതോടുകൂടി ബാധകമാകുന്നുവെന്ന് ഈ തിരുമൊഴി അറിയിക്കുന്നു.

> ആദിൽ എന്നു പേരുള്ള രക്തധമനിയിൽനിന്ന് അസമയത്തുള്ള രക്തസ്രാവമാകുന്നു ഇസ്തിഹാദ. വിധികളിലും വിശേഷണത്തിലും ആർത്തവരക്തത്തോട് ഇസ്തിഹാദത്തിന്റെ രക്തം വ്യത്യസ്തത പുലർത്തുന്നു. ആർത്തവനാളുകളിലായാലും അല്ലെങ്കിലും ശരി ഗർഭപാത്രത്തിലെ ഒരു ധമനിയിൽ നിന്ന് പുറപ്പെടുന്ന രക്തസ്രാവമാകുന്നു അത്. ആർത്തവത്തിന്റെ നാളുകളിലൊഴികെ അത് നമസ്കാരത്തെയും നോമ്പിനെയും ലൈംഗിക വേഴ്ചയെയും തടയുന്നില്ല.

3. *ആർത്തവമനുസരിച്ച് ഇദ്ദയാചരിക്കൽ:* ആർത്തവമുണ്ടാകുന്ന വിവാഹമോചിതയുടെയും അവരെപോലുള്ളവരുടെയും ഇദ്ദ (ദീക്ഷാകാലം) അവസാനിക്കുന്നത് ആർത്തവംകൊണ്ടാണ്. അല്ലാഹു പറഞ്ഞു: "വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്നു മാസമുറകൾ (കഴിയുംവരെ) കാത്തിരിക്കേണ്ടതാണ്" (ക്വുർആൻ 2:228).
4. ആർത്തവത്തിനനുസരിച്ച് ഇദ്ദയാചരിച്ചാൽ ഗർഭമുക്തയാണെന്നു വിധിക്കൽ ആർത്തവം കൊണ്ടാണ്.

(ആർത്തവകാരിയോ പ്രസവരക്തമുള്ള സ്ത്രീയോ സൂര്യാസ്തമയത്തിനു മുമ്പ് ശുദ്ധിയായാൽ ആ ദിവസത്തെ ദുഹ്റും അസ്റും നമസ്കരിക്കൽ അവൾക്കു നിർബന്ധമാണ്. ഫജ്ർ ഉദിക്കുന്നതിനു മുമ്പാണ് അവൾ ശുദ്ധിയായതെങ്കിൽ ആ രാവിലെ മഗ്‌രിബും ഇശാഉം നമസ്കരിക്കൽ അവൾക്കു നിർബന്ധമാണ്. കാരണം ഒഴിവുകഴിവിന്റെ അവസ്ഥയിൽ രണ്ടാമത്തെ നമസ്കാരത്തിന്റെ സമയം ഒന്നാമത്തെ നമസ്കാരത്തിന്റെ സമയംകൂടിയാണ്. പണ്ഡിതന്മാരിൽ ഭൂരിപക്ഷ

ത്തിന്റേയും നിലപാട് ഇതത്രെ).

### നിഫാസിന്റെ കുറഞ്ഞ സമയവും കൂടിയ സമയവും

നിഫാസിന്റെ കുറഞ്ഞ സമയത്തിന് പരിധിയില്ല. കാരണം അതിലൊരു സമയപരിധി പ്രമാണമായി വന്നിട്ടില്ല. അതിനാൽ രക്തം കാണുന്നതിനെയാണ് അതിൽ അവലംബിക്കേണ്ടത്. അതാകട്ടെ കുറച്ചും കൂടതലും കാണപ്പെട്ടിട്ടുണ്ട്. നിഫാസിന്റെ കൂടിയ പരിധി നൽപതു ദിവസമാകുന്നു. തുർമുദി (റഹി) പറഞ്ഞു: "പ്രസവരക്തമുള്ള സ്ത്രീകൾ നാൽപതു ദിവസം നമസ്കാരം ഉപേക്ഷിക്കണം. എന്നാൽ അതിനു മുമ്പ് അവർ ശുദ്ധികാണുകയായാൽ കുളിച്ച് നമസ്കരിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വഹാബികളും അവരുടെ ശേഷക്കാരായ പണ്ഡിതന്മാരും ഏകോപിച്ചിരിക്കുന്നു. ഉമ്മുസലമഃയിൽ നിന്നുള്ള ഹദീഥിൽ ഇപ്രകാരമുണ്ട്: 'തിരുനബിയുടെ കാലത്ത് പ്രസവരക്തമുള്ള സ്ത്രീകൾ നാൽപതുദിവസം (ആരാധനാകർമങ്ങളിൽനിന്ന്) ഒഴിഞ്ഞിരിക്കുമായിരുന്നു."

### ഇസ്തിഹാദ രക്തം

ആദിൽ എന്നു പേരുള്ള രക്തധമനിയിൽനിന്ന് അസമയത്തുള്ള രക്തസ്രാവമാകുന്നു ഇസ്തിഹാദ. വിധികളിലും വിശേഷണത്തിലും ആർത്തവരക്തത്തോട് ഇസ്തിഹാദത്തിന്റെ രക്തം വ്യത്യസ്തത പുലർത്തുന്നു. ആർത്തവനാളുകളിലായാലും അല്ലെങ്കിലും ശരി ഗർഭപാത്രത്തിലെ ഒരു ധമനിയിൽ നിന്ന് പുറപ്പെടുന്ന രക്തസ്രാവമാകുന്നു അത്. ആർത്തവത്തിന്റെ നാളുകളിലൊഴികെ അത് നമസ്കാരത്തെയും നോമ്പിനെയും ലൈംഗികവേഴ്ചയെയും തടയുന്നില്ല. അതിനുള്ള തെളിവ് ഫാത്വിമ ബിൻത് അബീഹുബയ്ശി(റ)ന്റെ ഹദീസാകുന്നു:

'അല്ലാഹുവിന്റെ തിരുദൂതരേ, ശുദ്ധിയുണ്ടാകാതെ സദാ രക്തസ്രാവമുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീയാണു ഞാൻ. അതിനാൽ ഞാൻ നമസ്കാരം ഉപേക്ഷിക്കേണമോ' തിരുമേനി(സ്വ) പ്രതികരിച്ചു: 'അത് ഒരു ധമനിയിൽനിന്നുള്ള സ്രാവം മാത്രമാണ്. അതിനാൽ നിങ്ങളുടെ ആർത്തവസമയമായാൽ മാത്രം നമസ്കാരം ഉപേക്ഷിക്കുക. അതു പിന്നിട്ടാൽ രക്തം കഴുകിക്കളഞ്ഞ് നമസ്കരിക്കുക."

അപ്പോൾ, ആർത്തവത്തിന്റെ പരിഗണനീയമായ അവസാനസമയത്ത് കുളിക്കൽ അവൾക്കു നിർബന്ധമാണ്. ഇസ്തിഹാദത്തിന്റെ അവസരത്തിൽ ഗുഹ്യാവയവം കഴുകി രക്തം തടയുന്ന രീതിയിൽ സ്രവിക്കുന്നേടത്ത് പരുത്തിയോ മറ്റോ വെച്ച് രക്തം നിലത്തുവീഴാതെ കെട്ടി ഭദ്രമാക്കുക. ഇന്ന് ഇതിനു പകരമായി ഹെൽത്തി പാഡുകൾ മതിയാകുന്നതാണ്. ശേഷം ഓരോ നമസ്കാര സമയമാകുമ്പോഴും വുദൂഅ് ചെയ്യുക.

### രക്തസ്രാവമുള്ളവൾ ആർത്തവം തിരിച്ചറിയൽ

*രക്തസ്രാവമുള്ളവൾക്ക് മൂന്നു അവസ്ഥകളുണ്ട്:*

1. അറിയപ്പെട്ട ഒരു പതിവ് അവൾക്കുണ്ടാവുക. ഇസ്തിഹാദത്തിന് മുമ്പുതന്നെ ഹയ്ദിന്റെ സമയപരിധി അറിയപ്പെടൽകൊണ്ടാണത്. ഈ സ്ത്രീ അവളുടെ പതിവനുസരിച്ച് നമസ്കാരവും നോമ്പും ഉപേക്ഷിച്ച് ഒഴിഞ്ഞിരിക്കണം. ആർത്തവകാരിയായിട്ടാണ് അവൾ ഗണിക്കപ്പെടുക. അവളുടെ പതിവ് അവസാനിച്ചാൽ കുളിക്കുകയും നമസ്കരിക്കുകയും സ്രവിക്കപ്പെടുന്ന രക്തം ഇസ്തിഹാദത്തായി പരിഗണിക്കുകയും ചെയ്യണം. ഉമ്മുഹബീബ(റ)യോട് തിരുനബി(സ്വ) പറഞ്ഞു: "സാധാരണഗതിയിൽ ആർത്തവം (ആരാധനകളിൽനിന്ന്) നിങ്ങളെ തടഞ്ഞിരുന്ന അത്രയും സമയത്തേക്ക് കാത്തിരിക്കുകയും പിന്നീട് കുളിച്ച് നമസ്കരിക്കുകയും ചെയ്യുക."
2. അറിയപ്പെട്ട ഒരു പതിവ് അവൾക്കില്ലാതിരിക്കുക. എന്നാൽ അവളുടെ രക്തത്തിന് പ്രത്യേകതയുണ്ട്. കറുത്തതും കടുത്തതും ദുർഗന്ധമുള്ളതുമെന്ന പ്രത്യേകത ആർത്തവ രക്തത്തിനുണ്ട്. ശേഷിക്കുന്നതാകട്ടെ ചുവന്ന്, വാസനയില്ലാതെ ഇസ്തിഹാദത്തിന്റെ പ്രത്യേകതയാണ് വഹിക്കുന്നത്. ഈ അവസ്ഥയിൽ വ്യതിരിക്തതക്കനുസരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. ഫാതിമ ബിൻത് അബീഹുബയ്ശി(റ)നോട് തിരുനബി(സ്വ) പറഞ്ഞു: "ആർത്തവ രക്തമാണെങ്കിൽ അത് ഇരുണ്ടതും തിരിച്ചറിയപ്പെടുന്നതുമായിരിക്കും. അപ്പോൾ നമസ്കാരം നിർത്തുക. മറ്റേതാണെങ്കിൽ വുദൂഅ് ചെയ്ത് നമസ്കരിക്കുക. അത് ധമനിയിൽനിന്നുള്ള ഒരു സ്രാവം മാത്രമാണ്."
3. ഒരു പതിവുസമയവും ആർത്തവരക്തത്തെ അതല്ലാത്തതിൽനിന്ന് വേർതിരിക്കുന്ന ലക്ഷണവും ഇല്ലാത്തവളാവുക. ഇത്തരക്കാരി സാധാരണയായി ആർത്തവമുണ്ടാകാറുള്ള ആറ് അല്ലെങ്കിൽ ഏഴ് ദിവസങ്ങൾ കാത്തിരിക്കണം. കാരണം ഇതാണ് സ്ത്രീകൾക്ക് ആർത്തവമുണ്ടാകാറുള്ള സാധാരണമായ സമയപരിധി. ഈ നാളുകൾക്കുശേഷം കാണപ്പെടുന്ന രക്തം ഇസ്തിഹാദത്തിന്റെ രക്തമാണ്. അത് കഴുകി വൃത്തിയായശേഷം നമസ്കരിക്കുകയും നോമ്പെടുക്കുകയുമാണ് വേണ്ടത്.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിഖ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*

സലീന ബിൻത് മുഹമ്മദലി



പാലക്ക് നമ്മുടെ മാർക്കറ്റുകളിൽ ലഭ്യമായ ഒരുതരം ചീരയാണ്. ഇതിൽ വിറ്റാമിൻ എ, സി, ഇ, കെ, ബി എന്നിവയും; കാൽസ്യം, അയൺ, സിങ്ക്, മെഗ്നീഷ്യം എന്നിവയും അടങ്ങിയിരിക്കുന്നു.

# പാലക്ക് തുവരപ്പരിപ്പ് കറി

## ആവശ്യമായ സാധനങ്ങൾ:

| | | |
|---|---|---|
| പാലക്ക് | : | ഒരു പിടി. |
| തുവരപ്പരിപ്പ് (സാമ്പാർ പരിപ്പ്) | : | മുക്കാൽ കപ്പ്. |
| സവാള വലുത് | : | ഒരെണ്ണം (നീളത്തിൽ അരിഞ്ഞത്). |
| തക്കാളി | : | 2 എണ്ണം. |
| ഇഞ്ചി-വെളുത്തുള്ളി പേസ്റ്റ് | : | അര ടീസ്പൂൺ. |
| പച്ചമുളക് | : | 3 എണ്ണം. |
| മഞ്ഞൾപൊടി | : | കാൽ ടീസ്പൂൺ. |
| മല്ലിപ്പൊടി | : | 1 ടീസ്പൂൺ. |
| ഗരംമസാലപ്പൊടി | : | അര ടീസ്പൂൺ. |
| എണ്ണ | : | 2 ടേബിൾ സ്പൂൺ. |
| ഉപ്പ് | : | ആവശ്യത്തിന്. |

## താളിക്കാൻ ആവശ്യമായവ:

| | | |
|---|---|---|
| ജീരകം | : | അര ടീസ്പൂൺ |
| കറി വേപ്പില | : | കുറച്ച്. |
| വെളിച്ചെണ്ണ | : | അര ടീസ്പൂൺ. |

## തയ്യാറാക്കുന്ന വിധം

പാലക് കഴുകി ചെറുതായി അരിഞ്ഞു വെക്കുക. പരിപ്പ് വേവിച്ച് നന്നായി ഉടച്ചെടുക്കുക. ഒരു പാനിൽ എണ്ണ ചൂടാകുമ്പോൾ സവാള വഴറ്റുക. വഴന്നു കഴിയുമ്പോൾ പച്ചമുളക്, തക്കാളി എന്നിവ ഇടുക. പിന്നെ ഇഞ്ചി-വെളുത്തുള്ളി പേസ്റ്റ് ഇട്ട് ഇളക്കുക. ഇവയെല്ലാം നന്നായി വഴന്നുകഴിയുമ്പോൾ മുകളിൽ പറഞ്ഞിരിക്കുന്ന പൊടിവകകൾ ഇട്ട് വഴറ്റുക.

പാലക്ക് ഇല ഇതിലേക്ക് ഇടുക. ഇല നന്നായി വഴന്നുകഴിയുമ്പോൾ ഉടച്ചുവെച്ചിരിക്കുന്ന പരിപ്പ് ഇട്ട് ആവശ്യത്തിന് ഉപ്പും വെള്ളവും ചേർത്ത് മൂന്നു-നാല് മിനുട്ട് തിളപ്പിക്കുക. ശേഷം തീ അണക്കുക.

പാനിൽ എണ്ണ ചൂടാക്കി ജീരകം, കറിവേപ്പില എന്നിവ വറുത്തു കറിയിൽ ഒഴിക്കുക. പാലക്ക്-പരിപ്പു കറി തയ്യാർ. ചപ്പാത്തിയുടെയും ചോറിന്റെയും കൂടെ ഇത് കഴിക്കാവുന്നതാണ്.

റാഷിദ റിഷാദ്

# സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട



അടിപിടി കൂടി നടക്കേണ്ട
കുടി വലിയായി രമിക്കേണ്ട
അലസത കാട്ടി സമയത്തെ
പോക്കുക വേണ്ട-ഇവിടമിൽ
അലയടി കേൾക്കും
തിൻമക്കൊപ്പം ഓടിട വേണ്ടാ

തടിമിടുക്കാൽ നീ ദുനിയാവിൽ
ഇടംവലം നോക്കാതലയുന്നോ
തരികിട കാട്ടി നടന്നെങ്കിൽ
ഗതികെടും ഓർത്തോ-അഹദവൻ
തരുമതിരില്ലാ അദാബെന്ന
വിധിയത് കാത്തോ

തുടരെ ജനത്തിൻ അടുത്തായി
അടവ് നിരത്തീട്ടവൻ ധനം
പതിയെ പിടിച്ചങ്ങടക്കുന്നു
കൊതി കെറുവോടെ-മഹിയിൽ
പദവിയുയർത്താൻ ശ്രമിക്കുന്നു
കപടതയോടെ

കൊടിയ വിഷപ്പല്ലൊളിപ്പിച്ച്
ചൊടിയില് ചിരിയും വരുത്തീട്ട്
പെരിയ സഹായം ചെയ്തിടുവോനാ-
ണെന്നൊരു നാട്യം-അതിനിടെ
പരിധിയതില്ലാ ചൂഷണം ചെയ്യാൻ
ഉണ്ടൊരു നോട്ടം

ഡോ. ടി. കെ. യൂസുഫ്
: 9349798262



# ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ 08

**58. പ്രവാചകനെ മാതൃകയാക്കുക**

മനുഷ്യരുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധവും മാർഗദർശനവും നൽകാൻ ഒരു മനുഷ്യമാതൃക അനിവാര്യമാണ്. മുഹമ്മദ് നബി (സ്വ) അല്ലാത്ത മനുഷ്യരെല്ലാം തന്നിഷ്ടപ്രകാരം പ്രവർത്തിക്കുന്നതുകൊണ്ട് അവരുടെ ജീവിതത്തിൽ തള്ളേണ്ടതും കൊള്ളേണ്ടതുമുണ്ടാകും. എന്നാൽ പ്രവാചകൻ ദൈവിക വെളിപാടിനനുസരിച്ച് മാത്രം വർത്തിക്കുന്നതുകൊണ്ട് അദ്ദേഹത്തിൽ മാനവകുലത്തിന് മാതൃകയുണ്ട്. അദ്ദേഹം കൽപിക്കുന്നതെല്ലാം നൻമയും വിരോധിക്കുന്നതെല്ലാം ചീത്തയുമായിരിക്കും. അല്ലാഹു പറയുന്നു:

“(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെ

ക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ" (7:157).

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്" (33:21).

### 59. വിട്ടുവീഴ്ച ചെയ്യുക, വിഡ്ഢികളിൽനിന്ന് അകലുക

ജനങ്ങളുമായി ഇടപഴകുമ്പോൾ അറിവില്ലാത്തവർ പല അനർഥങ്ങളുമുണ്ടാക്കും. നമുക്ക് അനിഷ്ടകരമായ കാര്യങ്ങൾ ചെയ്യുന്നവരോട് അതേനാണയത്തിൽ തിരിച്ചടിക്കാൻ നിന്നാൽ അത് സ്ഥിതി കൂടുതൽ വഷളാക്കുകയാണുണ്ടാകുക. അതുകൊണ്ട് അത്തരം വിവരദോഷികളിൽനിന്ന് വിട്ടുനിൽക്കുന്നതാണുത്തമം. അല്ലാഹു പറയുന്നു:

"നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക" (7:199).

### 60. തത്ത്വദീക്ഷയോടും സദുപദേശത്തോടും കൂടി പ്രബോധനം നടത്തുക

മതപ്രബോധനം മുസ്‌ലിംകളുടെ ബാധ്യതയാണ്. അതിന് ചില മാനദണ്ഡങ്ങളും മാർഗനിർദേശ ങ്ങളുമുണ്ട്. തത്ത്വദീക്ഷയില്ലാത്ത പ്രബോധനം ചിലപ്പോൾ വിപരീത ഫലമാണുണ്ടാക്കുക. അല്ലാഹു പറയുന്നു:

"യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സൻമാർഗം പ്രാപിച്ചവരെപ്പറ്റിയും നല്ലവണ്ണം അറിയുന്നവനത്രെ" (16:125).

### 61. പിശുക്കും ദുർവ്യയവും ഒഴിവാക്കുക

സാമ്പത്തിക വിനിമയ രംഗത്ത് പിശുക്കും ദൂർവ്യയവുമില്ലാത്ത ഒരു മധ്യമ നിലപാടാണ് ഇസ്‌ലാം നിർദേശിക്കുന്നത്. പിശുക്ക്, ധൂർത്ത്; ഈ രണ്ട് ദുസ്സ്വഭാവങ്ങളും ഒരുപോലെ വിലക്കപ്പെട്ടതാണ്.

"കുടുംബബന്ധമുള്ളവന്ന് അവന്റെ അവകാശം നീ നൽകുക. അഗതിക്കും വഴിപോക്കന്നും (അവരുടെ അവകാശവും) . നീ (ധനം) ദുർവ്യയം ചെയ്തു കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു" (17:27).

"അതിനാൽ നിങ്ങൾക്ക് സാധ്യമായവിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും നിങ്ങൾക്കുതന്നെ ഗുണകരമായ നിലയിൽ ചെലവഴിക്കുകയും ചെയ്യുക. ആർ മനസ്സിന്റെ പിശുക്കിൽനിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അവർതന്നെയാകുന്നു വിജയം പ്രാപിച്ചവർ" (64:16).

### 62. ഭൗതികസുഖം ത്യജിക്കേണ്ടതില്ല

വിശ്വാസികളുടെ ജീവിതലക്ഷ്യം പാരത്രിക സൗഖ്യമാണെങ്കിലും ഐഹികലോകത്തെ സുഖ സൗകര്യങ്ങൾ അവർ ത്യജിക്കേണ്ടതില്ല. അനുവദനീയമായ ജീവിത സുഖങ്ങൾ ആസ്വദിക്കാവുന്നതാണ്. അല്ലാഹു പറയുന്നു: "അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നൻമ ചെയ്തതുപോലെ നീയും നൻമചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല" (28:77).

### 63. അനുരഞ്ജനം ഉണ്ടാക്കുക

മനുഷ്യർക്കിടയിൽ തർക്കവും അഭിപ്രായ വ്യത്യാസവും സ്വാഭാവികമാണ്. അത് ഊതിവീർപ്പിക്കാതെ അവർക്കിടയിൽ അനുരഞ്ജനം ഉണ്ടാക്കാൻ വേണ്ടിയാണ് വിശ്വാസികൾ പരിശ്രമിക്കേണ്ടത്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളിൽനിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കി ടയിൽ രഞ്ജിപ്പുണ്ടാക്കണം. എന്നിട്ടു രണ്ടിൽ ഒരുവിഭാഗം മറുവിഭാഗത്തിനെതിരിൽ അതിക്രമം കാണി ച്ചാൽ അതിക്രമം കാണിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപനയിലേക്ക് മടങ്ങിവരുന്നതു വരെ നിങ്ങൾ സമരം നടത്തണം. അങ്ങനെ ആ വിഭാഗം മടങ്ങിവരികയാണെങ്കിൽ നീതിപൂർവം ആ രണ്ടു വിഭാഗങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും നിങ്ങൾ നീതിപാലിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടുസ സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (49:10).

*(തുടരും)*

ഹുസ്ന മുഹമ്മദലി എൻ. എം.



# ഹിറയിൽ തെളിഞ്ഞ വെളിച്ചം

‘ഇക്വ്‌റഅ്’ എന്ന കൽപനയാൽ
ഹിറയിലന്നണഞ്ഞു ജിബ്‌രീൽ
ചകിതനായ് അൽഅമീൻ
ഉരചെയ്തു അന്നേരം:
‘വായിക്കുവാനെനിക്കറിയില്ല നിശ്ചയം!’
ഹിറതൻ ഇരുട്ടിലന്ന് റസൂലിനെ
ചേർത്തുപിടിച്ച് ഇലാഹിന്റെ ദൂതൻ
ഓതിക്കൊടുത്തു പഞ്ചസൂക്തങ്ങൾ:
‘സൃഷ്ടിച്ചവനായ,
നിന്റെ റബ്ബിന്റെ നാമത്തിൽ
നീ വായിക്കുക!
മനുഷ്യനെയവൻ ഭ്രൂണത്തിൽനിന്നും
സൃഷ്ടിച്ചിരിക്കുന്നു.
നീ വായിക്കുക!
നിന്റെ രക്ഷിതാവ് അത്യുദാരനാണ്.
പേനകൊണ്ട് പഠിപ്പിച്ചവൻ,
മനുഷ്യന് അറിയാത്ത കാര്യങ്ങൾ
അവൻ പഠിപ്പിച്ചിരിക്കുന്നു.’
ഇവ്വിധമവതീർണമായിത്തുടങ്ങിയ
വേദമാം ക്വുർആനിൻ പൊരുളറിഞ്ഞാൽ
ജീവിത വഴികാട്ടിയായി നാം മാറ്റിയാൽ
ഇഹപര സൗഭാഗ്യം നേടിടാം നിശ്ചയം
മാനവരാശിക്കു സൽവഴി കാണിക്കാൻ
ഇല്ലൊരു വേദവും ഇതുപോലെ ഭൂവിതിൽ
അറിവിന്റെ വറ്റാത്ത സാഗരമാണത്
അതിലില്ല ന്യൂനത, വൈരുധ്യമൊട്ടുമെ
പുതുമയാർന്നെന്നും നിലനിൽക്കുമിവിടമിൽ
ജനകോടികൾക്കു വെളിച്ചമായ്, തീർഥമായ്.

# ഉടൻ പുറത്തിറങ്ങുന്നു.

**ഫലസ്തീനിന്റെയും യഹൂദരുടെയും
ചരിത്രവും വർത്തമാനവും
പ്രാമാണികമായി അപഗ്രഥിക്കുന്ന വേറിട്ട രചന**

WISDOM BOOKS




اليهود و فلسطين
في التاريخ والكتب المقدسة

**ഇപ്പോൾ ബുക്കു
ചെയ്യുന്നവർക്ക്
200 രൂപയുടെ
പുസ്തകം
150 രൂപക്ക് ***

*Parcel Charge Extra

**യഹൂദരും ഫലസ്തീനും
ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും**

**ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**




+91 7356 766 478
http://www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
29 JUNE 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

To the **right goal**
Through the **right path**

# 28th PROFESSIONAL STUDENTS GLOBAL CONFERENCE

WISDOM

**11 12 13**

**OCTOBER 2024**

**THIRUVANANTHAPURAM**



Wisdom Islamic Students Organization,
CV Complex, PV Swami Road, Calicut-2

+91 8156812292
wisdomstudents